NERVEEDHI

Volume - 15, Issue - 11, 10th November 2026, Monthly, Published at Kottayam

വാല്യം - 15, ലക്കം - 11, 10 നവംബർ 2026 - പ്രസിദ്ധീകരണം : കോട്ടയം

നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



രക്ഷയുടെ സന്ദേശം എല്ലാവർക്കും

പേജ് 4

Editorial

ഇതൊന്നു ശ്രദ്ധിക്കുമോ...

ഈ നാളുകളിൽ സുവിശേഷപ്രചരണത്തിനുള്ള പ്രധാനതടസ്സം നാം ചിന്തിക്കുന്നതുപോലെ പുറത്തുനിന്നുള്ള എതിർപ്പുകളല്ല, പ്രത്യുത അകത്തുള്ളവരുടെ മാതൃകയില്ലാത്ത ജീവിതവും തെറ്റായ മനോഭാവവും ദൈവഭയമില്ലാതെ എന്തും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതും അതുളവാക്കുന്ന അവമതിപ്പും ആണെന്ന് പറയാതെ വയ്യ. ഇതൊക്കെ ദൈവനാമം ദുഷിക്കപ്പെടുന്നതിനും സത്യമാർഗ്ഗം അവഹേളിക്കപ്പെടുന്നതിനും കാരണമാകുന്നു.

പൗലൊസിന് സുവിശേഷപ്രഘോഷണം പ്രശസ്തി നേടാനുള്ള മാർഗ്ഗമായിരുന്നില്ല; ദൈവം ഏൽപ്പിച്ച ദൗത്യമായിരുന്നതിനാൽ പ്രതിസന്ധികളും എതിർപ്പുകളും നേരിട്ടപ്പോഴും അദ്ദേഹം പിന്മാറിയില്ല. ക്രിസ്തുവിലൂടെ ലഭിച്ച രക്ഷയുടെ സന്ദേശം മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടത് തന്റെ കടമയാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഇന്ന് ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവർ അറിയുന്നതിനായി നാം എന്താണ് ചെയ്യുന്നത്? നമ്മുടെ കുടുംബത്തിലും ജോലിസ്ഥലത്തും സമൂഹത്തിലും സുവിശേഷം അറിയിക്കാനുള്ള അവസരങ്ങൾ തകിടം മറിക്കുകയല്ലേ? സുവിശേഷം പ്രസംഗത്തിലൂടെ മാത്രമല്ല, സ്നേഹപൂർവ്വമായ വാക്കുകളിലൂടെയും, വിശ്വസത്തിന്റെ കരുണയുള്ള പ്രവൃത്തികളിലൂടെയും, മാതൃകാപരമായ ജീവിതത്തിലൂടെ വാക്കുകൾ കൂടാതെയും അറിയിക്കാം.

നമ്മുടെ ചുറ്റും ദൈവത്തെ അറിയാത്തവരും ജീവിതത്തിൽ പ്രത്യാശ നഷ്ടപ്പെട്ടവരും ഉണ്ട്. ആരെയും അവഗണിക്കാതെ, രക്ഷയുടെ സന്ദേശം എത്തിക്കാൻ നാം ഉത്സാഹിക്കണം. മറ്റുള്ളവർ എങ്ങനെ പ്രതികരിക്കുമെന്ന ഭയം നമ്മെ മൗനത്തിലാക്കരുത്. സ്നേഹത്തോടും ജ്ഞാനത്തോടും വിനയത്തോടുംകൂടെ സുവിശേഷം അറിയിക്കണം. വിമർശനങ്ങളും തർക്കങ്ങളും കുറ്റപ്പെടുത്തലുകളും ഒഴിവാക്കണം. സുവിശേഷം, അതറിയാനുള്ള അവസരം ഒരുക്കുന്നതിൽ നമുക്കു പങ്കുവഹിക്കാനാകും. നാം അറിയിക്കുന്ന സന്ദേശം സ്വീകരിക്കണമോ വേണ്ടയോ എന്നത് ഓരോരുത്തരുടെയും തീരുമാനമാണ്. എന്നാൽ ആ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കാനുള്ള ഉത്തരവാദിത്തത്തിൽനിന്ന് നമുക്ക് ഒഴിഞ്ഞുമാറാനാവില്ല. 'ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം' എന്ന പൗലൊസിന്റെ വാക്കുകൾ നമ്മുടെ മനസ്സാക്ഷിയെ ഉണർത്തട്ടെ. സുവിശേഷം കേട്ടവരായി മാത്രം നാം ജീവിക്കാതെ, ജീവിതത്തിൽ പ്രയോഗികമാക്കി, സാക്ഷികളായി ഉത്തമമാതൃക കാട്ടണം. സുവിശേഷം അനുസരിക്കാനും അറിയിക്കാനുള്ള കടമ എത്രത്തോളം പ്രാവർത്തികമാക്കുന്നു എന്ന് ശോധന ചെയ്യണം. എല്ലാ തലങ്ങളിലുമുള്ള സകലരെയും ചേർത്തുപിടിച്ച്, കരുണയോടും കരുതലോടും സുവിശേഷം ഘോഷിക്കണം. ഇതാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രമേയം.

ഓരോ ലേഖനങ്ങളും ആത്മികവർദ്ധനവിനായി പ്രയോജനപ്പെടുത്തണം. ബുദ്ധിഹീനരാകാതെ ദൈവഹിതം തിരിച്ചറിഞ്ഞ് നിത്യതയ്ക്കായി ഒരുങ്ങുവാൻ ഏവരേയും സർവ്വശക്തൻ സഹായിക്കുമാറാകട്ടെ.

പുസ്തകം 15 ലക്കം 11
നവംബർ 2026

ഈ ലക്കത്തിൽ

രക്ഷയുടെ സന്ദേശം എല്ലാവർക്കും 4
ജോയ് എം. തോമസ്

അനുസരണത്തിൽ തികഞ്ഞവനാക്കേണ്ടതിന്... 7
സാജു മാത്യു

കൂടെ നടക്കുന്നതും ഉള്ളിൽ വസിക്കുന്നതും 9
ചെയ്സ് ജോസഫ്

പോരാട്ടങ്ങളിൽ വിജയം കൈവരിക്കുക 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

നമ്മുടെ വളർച്ചയും തളർച്ചയും 13
ജെ പി പാലത്തിങ്കൽ

വിശ്വാസത്തിൽ സ്ഥിരമാനസരായി... 15

കൗൺസലിംഗ് വീഥി 16
ഡോ. സജികുമാർ കെ. പി.

വിസ്മരിക്കപ്പെട്ട ചില ഗ്രാമപ്രദേശങ്ങൾ 18
അജി മാത്യു, ഉഗാണ്ട

ആരോഗ്യമുള്ള സഭയുടെ ലക്ഷണം 20
റിക്ക് വാറൻ

വനിതാവീഥി 22
എൽസി ജോയ്

വേദ അധ്യയനം 25
ജോയ് എം. തോമസ്

വാർത്താവീഥി 30

സമാപ്തിക്കുറിപ്പ് 31
എംസി

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്
എഡിറ്റർ
പി.വി വർഗീസ്
സബ് എഡിറ്റർ
അനി ചാക്കോ
കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ
പ്രിന്റർ & പബ്ലീഷർ
എം.റ്റി. ജയിംസ്
മാനേജർ
ഷാജി ഉമ്മൻ
അഡ്വൈസറി ബോർഡ്
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. സി.റ്റി. ലൂയിസ്കുട്ടി
ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 9495 435 336
Editor : 9495 213 269
E-mail: editornerveedhi@gmail.com

www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos



ജോയ് എം തോമസ്

രക്ഷയുടെ സന്ദേശം എല്ലാവർക്കും

മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി വളരെ വിശാലമായതാണ്. ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചവരാണ് സകല മനുഷ്യവർഗ്ഗവും. ആദാമിൽ നിന്നു ജനിച്ചവരും ഇനിയും ജനിക്കുന്നവരുമെല്ലാം പാപികളാണ്. 'ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോമർ 3:23) എന്നത് മുഴുവൻ മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള വിധിയെഴുത്താണ്. എല്ലാവരുടെയും ഏറ്റവും സങ്കീർണ്ണപ്രശ്നമായ പാപത്തിനുള്ള പരിഹാരവും തുടർന്ന് നിർദ്ദേശിച്ചിട്ടുണ്ട് 'അവന്റെ കൃപയാൽ ക്രിസ്തുയേശുവിലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തം ആകുവാൻ ദൈവം യേശുവിനെ പരസ്യമായി നിർത്തിയിരിക്കുന്നു'(റോമർ 3:24,25)

എല്ലാവരും പാപികൾ ആയതുകൊണ്ട് പാപത്തിന്റെ ശമ്പളമായ മരണത്തിന്, അതായതു ദൈവത്തിൽനിന്ന് നിത്യമായി വേർപെട്ടു നരകത്തിൽ എത്തുന്ന ശിക്ഷയ്ക്കു എല്ലാവരും വിധേയരായിത്തീർന്നു. ആ ശിക്ഷയിൽ നിന്നുള്ള വിടുതലായ 'രക്ഷ' എന്നത് മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും ആവശ്യമാണ്. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാപദ്ധതി സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ഈ കാരണത്താൽ സകല മനുഷ്യരും രക്ഷ പ്രാപിക്കുന്നതിനായി വിശ്വാസികൾ പ്രാർത്ഥിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. അങ്ങനെ പ്രാർത്ഥിക്കുന്നത് നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും യേശു ഇച്ഛിക്കുന്നു (2 തിമോഥെയോസ് 2:3,4).

യേശുവിന്റെ ജനനത്തിന്റെ വാർത്ത അറിയിക്കുമ്പോൾ, 'ദൂതൻ, അവരോട് ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു'. സർവ്വജനവും എന്നതിൽ യഹൂദൻ മാത്രമല്ല, മുഴുവൻ മനുഷ്യവർഗ്ഗവും ഉൾപ്പെടുന്നു. യോഹന്നാൻ 3:16 ഈ സത്യത്തെ ഉറപ്പിക്കുന്നു. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽ

കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'. ലോകം എന്ന പ്രയോഗം മുഴുവൻ മനുഷ്യവർഗ്ഗത്തെയും ഉൾക്കൊള്ളുന്നുവല്ലോ.

ദൈവം തന്റെ സ്നേഹത്തിൽ നിന്നും ആരെയും അകറ്റി നിർത്തിയിട്ടില്ല. ക്രിസ്തുവിൽക്കൂടിയുള്ള സൗജന്യരക്ഷ എല്ലാവർക്കും ഒരുക്കിയിട്ടുള്ളതാണ്. ക്രിസ്തുവിൽ വിശ്വസിക്കുവാനും നിത്യജീവൻ പ്രാപിക്കുവാനും ക്രിസ്തുവിനെ സ്വന്തമാക്കി ജീവിക്കുവാനും എല്ലാവർക്കും ദൈവം അവസരവും അധികാരവും നൽകിയിരിക്കുകയാണ്. ക്രിസ്തുവിനെ കൈക്കൊണ്ട് അവിടുത്തെ നാമത്തിൽ വിശ്വസിച്ച് ദൈവമക്കൾ ആകുവാനുള്ള തെരഞ്ഞെടുപ്പിന്റെ അധികാരം ദൈവം എല്ലാവർക്കും നൽകിയിരിക്കുന്നു. 'അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ ദൈവം അധികാരം കൊടുത്തു' (യോഹന്നാൻ 1:12)

സുവിശേഷം സകലജാതികളോടും (മത്തായി 28:18,19) സകല സൃഷ്ടികളോടും (മർക്കോസ് 16:15) പ്രസംഗിക്കണം എന്ന് യേശുകർത്താവ് കൽപ്പിച്ചു. കാരണം 'രക്ഷ' എല്ലാവർക്കുമായി ഒരുക്കിയിരിക്കുന്നതാണ്. '...അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണം' (ലൂക്കോസ് 24: 47). ഈ ദർശനവും ആത്മഭാരവും പ്രാപിച്ച അപ്പോസ്തലനായ പൗലോസ് റോമർക്ക് എഴുതി: 'യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു. അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു. സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജ ഇല്ല, വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷയ്ക്കായി ദൈവശക്തി ആകുന്നുവല്ലോ' (റോമർ 1: 14-16).

ഈ വിശാലമായ ദർശനവും സകലരേയും കുറിച്ചുള്ള ആത്മഭാരവും വിശ്വാസികളായ എല്ലാവർക്കും അത്യാവശ്യമാണ്. സുവിശേഷം പ്രസംഗിക്കുമ്പോൾ അതിനോടുള്ള പ്രതികരണം രണ്ടുവിധത്തിലാണ്. ഒന്ന്, 'അംഗീകരിക്കുകയും വിശ്വസിക്കുകയും' ചെയ്യുന്നവർ. രണ്ട്, 'അവിശ്വസിക്കുകയും തിരസ്കരിക്കുകയും' ചെയ്യുന്നവർ. 'എന്നാൽ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' (മർക്കോസ് 16:16) എന്ന് യേശുകർത്താവ് കൽപ്പിച്ചിരിക്കുന്നു

ദൈവം തന്റെ സ്നേഹത്തിൽ നിന്നും ആരെയും അകറ്റി നിർത്തിയിട്ടില്ല. ക്രിസ്തുവിൽക്കൂടിയുള്ള സൗജന്യരക്ഷ എല്ലാവർക്കും ഒരുക്കിയിട്ടുള്ളതാണ്. ക്രിസ്തുവിൽ വിശ്വസിക്കുവാനും നിത്യജീവൻ പ്രാപിക്കുവാനും ക്രിസ്തുവിനെ സ്വന്തമാക്കി ജീവിക്കുവാനും എല്ലാവർക്കും ദൈവം അവസരവും അധികാരവും നൽകിയിരിക്കുകയാണ്.

സുവിശേഷത്തിന് മനുഷ്യന്റെ ഹൃദയത്തെ സ്പർശിക്കുവാൻ, ആത്മാവിനെ തൊടുവാൻ കഴിയും. അത് രക്ഷിക്കുന്ന ദൈവശക്തിയും (റോമർ 1:16) വീണ്ടും ജനിപ്പിക്കുവാൻ ശക്തിയുള്ള കെടാത്ത ബീജവുമാണ് (1 പത്രോസ് 1: 23). 'ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ളഏതു വാളിനേക്കാൾ മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും തുളച്ച് ചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു' (എബ്രായർ 4:12). അതുകൊണ്ട് സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല. എല്ലാവരോടും പങ്കുവയ്ക്കപ്പെടേണ്ട സത്യമാണ് അത്

ആദാം പാപം ചെയ്യുന്നതിനുമുമ്പ് ദൈവത്തോടുള്ള സഖിത്വം ആസ്വദിച്ചു. അത് അവന് ഏറ്റവും ആനന്ദം പകരുന്ന അനുഭവം ആയിരുന്നു. പാപം ചെയ്തപ്പോൾ ദൈവത്തിൽ നിന്നും അവൻ വഴിതെറ്റി വേർപെട്ടുപോയി, ആത്മീയമായി മരിച്ചു. എങ്കിലും ദൈവം അവനെ തേടിയെത്തി. ദൈവശബ്ദത്തോട് അവന് പ്രതികരിക്കുവാൻ കഴിയുമായിരുന്നു. അവൻ ദൈവത്തെ കുറ്റപ്പെടുത്തുകയും ഹവ്വയെ പഴി ചാരുകയും ചെയ്തു. ആദം ഹവ്വമാരുടെ നഗ്നത മറയ്ക്കുവാൻ ദൈവം തന്നെ, തോൽ കൊണ്ട് ഉടുപ്പ് ഉണ്ടാക്കി അവരെ ധരിപ്പിച്ചു (ഉല്പത്തി 3:21). യേശുക്രിസ്തുവിന്റെ പാപ

പരിഹാരമരണത്തിന് നിഴലായിട്ടുള്ള യാഗത്തിന്റെ തുടക്കം ഇവിടെയാണ് എന്ന് നാം വിശ്വസിച്ചു പോരുന്നു.

ആദാമിന്റെ പുത്രൻ കയീൻ 'പാപി അഥവാ ആത്മീയമായി മരിച്ചവൻ' എങ്കിലും ദൈവത്തിന്റെ ശബ്ദത്തോട് പ്രതികരിക്കുവാൻ അവനും കഴിയുമായിരുന്നു. ദൈവം അവനോട് 'പാപം വാതിൽക്കൽ കിടക്കുന്നു അതിന്റെ ആഗ്രഹം നിന്നോടാകുന്നു, നീയോ അതിനെ കീഴടക്കണം' എന്ന് കൽപ്പിച്ചു. എങ്കിലും അവന്റെ പ്രതികരണം നിഷേധാത്മകമായിരുന്നു. ആദാം ക്രിയാത്മകമായും കയീൻ നിഷേധാത്മകമായും പ്രതികരിച്ചു. അംഗീകരിക്കുവാനും തിരസ്കരിക്കുവാനും വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ഉണ്ട് എന്ന് ഇത് തെളിയിക്കുന്നു. അതിനാൽ തിരഞ്ഞെടുപ്പ് മനുഷ്യന്റെ ഭാഗത്തുനിന്നുണ്ടാകണം. സ്വതന്ത്ര ഇച്ഛാശക്തി മനുഷ്യനിൽ സജീവമാണ്.

ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ലോകത്തിൽ അയച്ചത് മുഴുവൻ മനുഷ്യവർഗ്ഗത്തിനും വേണ്ടിയാണ്. ആ സുവിശേഷം എല്ലാവരും കേൾക്കേണ്ട വചനമാണ്. 'കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന ഏവരും രക്ഷ പ്രാപിക്കും. യെഹൂദൻ എന്നോ യവനൻ എന്നോ വ്യത്യാസമില്ല; എല്ലാവർക്കും കർത്താവ് ഒരുവൻ തന്നെ; അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നല്കുവാൻ തക്കവണ്ണം സമ്പന്നൻ ആകുന്നു. കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്ന് എഴുതിയിരിക്കുന്നുവല്ലോ' (റോമർ 10:12-15) *'അയയ്ക്കുക, പോവുക, പ്രസംഗിക്കുക'* ഇത് സഭയുടെ ദൗത്യമാണ്. കേൾക്കുന്നവരിൽ ക്രിയാത്മകമായി പ്രതികരിക്കുന്നവർ അഥവാ സുവിശേഷം അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും. 'അംഗീകരിക്കുക, വിശ്വസിക്കുക' എന്നത് കേൾക്കുന്ന മനുഷ്യന്റെ തിരഞ്ഞെടുപ്പാണ്.

യോഹന്നാൻ 3-ാം അധ്യായത്തിൽ കർത്താവ് വ്യക്തമായി പറയുന്നു: 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല, വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു' (യോഹന്നാൻ 3:16-18). ദൈവത്തിന്റെ ഇഷ്ടം, എല്ലാവരും രക്ഷ പ്രാപിക്കുന്നതാണ്. മനുഷ്യന്റെ പാപപരിഹാരത്തിനായി പ്രായശ്ചിത്തമരണം സ്വീകരിക്കുവാൻ മാത്രമാണ് യേശുക്രിസ്തു ഈ ഭൂമിയിൽ വന്നത്. അതായത്, മനുഷ്യന്റെ മേൽ നിലനിൽക്കുന്ന ശിക്ഷാവിധിയിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാൻ. അതിനാവശ്യമായതെല്ലാം ക്രിസ്തു ക്രൂശിൽ നിറവേറ്റി. അത് വിശ്വസിച്ച് ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ ഒരു വ്യക്തി 'രക്ഷ' തന്റെ വിശ്വാസത്താൽ പ്രാപിക്കുന്നു. രക്ഷ ദൈവത്തിന്റെ കൃപയാൽ പൂർണ്ണ സൗജന്യമായി അവന് നൽകിയതിനെ വിശ്വാസത്താൽ അവൻ പ്രാപിച്ചു. ഇതാണ് രക്ഷ പ്രാപിക്കുന്നതിനെക്കുറിച്ചുള്ള ബൈബിളിലെ നിർമ്മല ഉപദേശം

ആദാം ക്രിയാത്മകമായും കയീൻ നിഷേധാത്മകമായും പ്രതികരിച്ചു. അംഗീകരിക്കുവാനും തിരസ്കരിക്കുവാനും വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ഉണ്ട്

ക്രിസ്തുവിനെ തിരസ്കരിക്കുന്നവർ അവരുടെ മേൽ നിലനിൽക്കുന്ന ശിക്ഷാവിധിയിൽ തുടരുകയാണ്. ശിക്ഷാവിധിയുടെ കാരണക്കാർ ഇപ്പോൾ അവരവർ ആയിരിക്കുകയാണ്. ക്രിസ്തുവിനെ തിരസ്കരിച്ച് നിത്യജീവനെ പ്രാപിക്കാതെ പോകുന്നവരുടെ പേര് ജീവന്റെ പുസ്തകത്തിൽ കാണില്ല. അന്ത്യന്യായവിധിയിൽ ജീവന്റെ പുസ്തകത്തിൽ പേരില്ലാത്ത ഏവരെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളിപ്പാട് 20: 15) സുവിശേഷം ഈ മുന്നറിയിപ്പ് സകല മനുഷ്യർക്കും നൽകുന്നു.



സാജു മാത്യു

അനുസരണത്തിൽ തികഞ്ഞവനാക്കേണ്ടതിന്...

'എന്നാൽ അവൻ അവരെ ആക്ഷേപിച്ചുകൊണ്ട് അരുളിച്ചെയ്യുന്നത്: ഞാൻ യിസ്രായേൽഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്നകാലം വരും' (എബ്രായർ 8:8).

പുരാവസ്തുക്കൾ ലേലംചെയ്തു വിൽക്കുന്ന സ്ഥലത്ത് ഒരിക്കൽ ഒന്നാം പാനിപ്പട്ട് യുദ്ധത്തിൽ ജയിച്ചുവന്ന സൈന്യാധിപന് ചക്രവർത്തി സമ്മാനിച്ച ഉടവാൾ ലേലത്തിനു വന്നു. ഉടവാളിൽ 'ഒന്നാം പാനിപ്പട്ടു യുദ്ധത്തിൽ വിജയിച്ച സൈന്യാധിപന് – സ്നേഹപൂർവം ചക്രവർത്തി' എന്ന് കൊത്തിയെഴുതിയിരുന്നു... ഇതു പരിശോധിച്ച പുരാവസ്തുവിദഗ്ധൻ ഒറ്റനോട്ടത്തിൽ പറഞ്ഞു: ഈ ഉടവാൾ വ്യാജമാണ്. എന്താണ് അദ്ദേഹം ഇതു പറയാൻ കാരണം? രണ്ടാം പാനിപ്പട്ടു യുദ്ധം നടന്നു കഴിഞ്ഞാലല്ലേ ആദ്യത്തേതിനെ 'ഒന്നാം പാനിപ്പട്ടു യുദ്ധം' എന്നുവിളിച്ചു തുടങ്ങുകയുള്ളൂ. അങ്ങനെയെങ്കിൽ യുദ്ധത്തിൽ വിജയിച്ച സൈന്യാധിപന് ചക്രവർത്തി സമ്മാനം കൊടുക്കുമ്പോൾ അതിൽ 'ഒന്നാം പാനിപ്പട്ടു യുദ്ധത്തിൽ' എന്നെഴുതുകയില്ലല്ലോ! ഒരു നൂറ്റാണ്ടുമുമ്പ് 1914 ൽ ലോകമഹായുദ്ധം നടന്നപ്പോൾ ആരും അതിനെ 'ഒന്നാം ലോകമഹായുദ്ധം' എന്നു വിളിച്ചിട്ടുണ്ടാവില്ല. അന്നത് 'ലോകമഹായുദ്ധം' ആയിരുന്നു...

ഇതുപോലെയാണ് പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും കാര്യം! യേശു പുതിയൊരു 'നിയമം' കൊണ്ടുവരുന്നതുവരെ നിലവിലുണ്ടായിരുന്ന നിയമം 'പഴയനിയമം' ആയിരുന്നില്ല, 'നിയമം' മാത്രമായിരുന്നു! 'പുതിയത് എന്നു പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു' (എബ്രായർ 8:13). എന്താണ് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം? എന്തുകൊണ്ട് പഴയനിയമം മാറ്റി പുതിയനിയമം നൽകേണ്ടിവന്നു? 'നിയമവാദികളും' 'നിയമരഹിതവാദികളും' തമ്മിൽ പോരടിക്കുന്ന ഇക്കാലത്ത് തിരുവചനത്തിൽ അതെപ്പറ്റി വ്യാഖ്യാനംപോലും ആവശ്യമില്ലാത്തവിധം കൃത്യമായി പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: 'ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുക ഇല്ലായിരുന്നു... എന്നാൽ അവൻ അവരെ ആക്ഷേപിച്ചുകൊണ്ട് അരുളിച്ചെയ്യുന്നത്: ഞാൻ യിസ്രായേൽഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരുമെന്ന് കർത്താവിന്റെ അരുളപ്പാട്... ഞാൻ അവരുടെ പിതാക്കന്മാരെ കൈയ്ക്കു പിടിച്ച് മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ അവരോടുചെയ്ത നിയമംപോലെയല്ല... അവർ എന്റെ നിയമത്തിൽ

നിലനിന്നില്ല, ഞാൻ അവരെ ആദരിച്ചതുമില്ല...'. 'ഈ കാലം കഴിഞ്ഞശേഷം... ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി, അവരുടെ ഹൃദയങ്ങളിൽ എഴുതും... ഞാൻ അവർക്കു ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും...' (എബ്രായർ 8:7-12).

പുതിയനിയമത്തിന്റെ ആവിർഭാവത്തെക്കുറിച്ചു പറയാൻ എബ്രായലേഖകൻ ഇവിടെ പഴയനിയമത്തിലെ ഒരു ഉദ്ധരണിയാണ് ഉപയോഗിക്കുന്നത് (യിരെമ്യാവ് 31:31-36). മറ്റൊരു രീതിയിൽ പറഞ്ഞാൽ ഈ 'പുതിയനിയമം' പഴയനിയമത്തിന്റെ ഒരു വാഗ്ദത്തം ആണ്! പഴയനിയമം ആവശ്യമില്ല എന്നു പറയുന്നവർ ഇതു ശ്രദ്ധിക്കണം: യേശുവും പൗലൊസും അപ്പൊസ്തലന്മാരും എല്ലാം 'പഴയനിയമ'ത്തിൽ നിന്ന് ഉദ്ധരിച്ചിരുന്നു. എന്നാൽ അവർ പറഞ്ഞത് 'പഴയനിയമത്തിൽ നിന്ന് എന്നല്ല 'തിരുവെഴുത്തിൽ' നിന്ന് എന്നാണ് (മത്തായി 21:42, അപ്പൊസ്തലപ്രവൃത്തികൾ 8:35, റോമർ 4:3, 1 പത്രൊസ് 2:6 എന്നീ ഭാഗങ്ങൾ ചില ഉദാഹരണങ്ങൾ മാത്രം). യേശുവിനും പൗലൊസിനുമെല്ലാം 'പഴയനിയമം' തിരുവെഴുത്തായിരുന്നു. എന്നാൽ, 'പുതിയനിയമം' എന്ന മലയാളവാക്കിലെ 'നിയമം' പലപ്പോഴും നമ്മിൽ തെറ്റിദ്ധാരണ ഉളവാക്കുന്നുണ്ട്. 'നിയമം' എന്നത് ഇവിടെ 'ന്യായപ്രമാണം' എന്ന അർഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. 'പുതിയൊരു നിയമം' ചെയ്യുന്ന കാലം എന്നത് 'ഉടമ്പടി' എന്നാണ് മനസ്സിലാക്കേണ്ടത്. പഴയനിയമഭാഗത്തും (യിരെമ്യാവ് 31:31) ഉടമ്പടി എന്ന വാക്കു തന്നെയാണു കാണുന്നത്. (ബറീത്ത് - beriyth) അതായത്, ദൈവം മാറ്റുന്നത് നിയമമല്ല, ഉടമ്പടിയാണ്!

യേശുകർത്താവ് ഭൂമിയിലേക്കു വന്നത് നിയമം മാറ്റാനല്ല, 'ഉടമ്പടി' (Testament മത്തായി 26:28) പുതുക്കാനാണ്. ഈയൊരു ലളിതമായ കാര്യം മനസ്സിലാക്കിയാൽ ഇന്നത്തെ പല അനാവശ്യ ചർച്ചകളും വാഗ്വാദങ്ങളും ഒഴിവാക്കാൻ പറ്റും. ഉടമ്പടിയിൽ നിയമമുണ്ടെങ്കിലും നിയമം ഉടമ്പടിയല്ല! ഉടമ്പടി അന്യോന്യബന്ധമാണ്. ഉടമ്പടി ബന്ധത്തിനായുള്ളത് എന്നതിനാൽ നിയമത്തിനു മുമ്പും ബന്ധമുണ്ടായിരുന്നു. (Relation and covenant- Adamic covenant). അവിടെ നിയമം ഉണ്ടായിരുന്നോ എന്നു ചോദിച്ചാൽ ഉണ്ടായിരുന്നു. തോട്ടത്തിൽ വേല ചെയ്യുക എന്നത് 'നിയമ'മായിരുന്നു; നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുത് എന്നത് നിയമമായിരുന്നു.

ദൈവം നോഹയും അബ്രഹാമുമായി ഉടമ്പടിയുണ്ടാക്കി. എന്നാൽ അന്നൊന്നും അവർക്ക് 'നിയമം' എഴുതിക്കൊടുത്തില്ല. കാരണം അവരുടെ ബന്ധം അത്ര ദൃഢമായിരുന്നു. എന്നാൽ മോശെയുടെ കാലത്ത് ദൈവം ഉടമ്പടിയോടൊപ്പം നിയമം എഴുതിക്കൊടുത്തു. കാരണം, യിസ്രായേൽ മക്കൾക്ക് യഹോവയോടുള്ള ബന്ധം ആദാമിനോ നോഹയ്ക്കോ അബ്രഹാമിനോ ഉണ്ടായിരുന്നതുപോലെ അത്ര സുദൃഢമായിരുന്നില്ല. ബന്ധം കുറയുമ്പോഴാണ് നിയമം എഴുതിവയ്ക്കേണ്ടിവരുന്നത്. നോഹയ്ക്കും അബ്രഹാമിനുമെല്ലാം നിയമം ഉണ്ടായിരുന്നു. അവർ നിയമരഹിതാവസ്ഥയിലായിരുന്നില്ല. എന്നാൽ ദൈവത്തോടുള്ള അവരുടെ ബന്ധം തികവുള്ളതായതിനാൽ, അവർ ജീവിതത്തിൽ എല്ലാത്തിലുമുപരിയായി ദൈവത്തെ കണ്ടിരുന്നതിനാൽ നിയമം എഴുതപ്പെട്ടിട്ടില്ലാതിരുന്നിട്ടുകൂടെ സ്നേഹത്തിൽ അവർ നിയമത്തെ അനുസരിച്ചു.

മോശൈക ഉടമ്പടിയെ മാറ്റി പുതിയൊരു ഉടമ്പടി അനിവാര്യമായിത്തീരുന്നത് എന്തുകൊണ്ടാണ്? 'ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു' (എബ്രായർ 8:7). എന്തായിരുന്നു 'നിയമ'ത്തിന്റെ-'ഉടമ്പടി'യുടെ കുറവ്? ദൈവം ചെയ്യുന്ന ഉടമ്പടിക്കോ ദൈവത്തിന്റെ നിയമത്തിനോ കുറവുണ്ടാകും എന്നു ചിന്തിക്കാൻ പറ്റുമോ? ഒരിക്കലുമില്ല, ദൈവത്തിന്റെ ഭാഗത്തുനിന്ന് കുറവുണ്ടാകയില്ല. എന്നാൽ ഉടമ്പടി രണ്ടുകൂട്ടർ തമ്മിലാണല്ലോ... അതിൽ ഒരു കൂട്ടർ അതു തെറ്റിച്ചാലും ഉടമ്പടി 'കുറവുള്ള'താകുമല്ലോ! ഇവിടെയും അതാണു സംഭവിച്ചത്. 'അവർ എന്റെ നിയമത്തിൽ നിലനിന്നില്ല' (എബ്രായർ 8:9) എന്നതാണ് ഉടമ്പടിയെ ബലഹീനപ്പെടുത്തിയത്. 'ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു' എന്ന് യഹോവയുടെ അരുളപ്പാട് (യിരെമ്യാവ് 31:32). ക്ഷമയുള്ള ഒരു

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

കൂടെ നടക്കുന്നതും ഉള്ളിൽ വസിക്കുന്നതും

എബ്രായലേഖനം പതിനൊന്നാം അധ്യായത്തിൽ നാം ഇതുവരെ കണ്ടത് വിശ്വാസവീരന്മാരുടെ പേരുകളാണ്. അവർ വിശ്വാസത്തിൽ നിലനിന്നു പ്രതിസന്ധികളെ അതിജീവിച്ചു. എന്നാൽ ലോകപ്രകാരം ഒന്നും സമ്പാദിച്ചില്ല. ഹാബേൽ ഏറ്റവും നല്ല യാഗം കഴിച്ചു, ദൈവത്തെ പ്രസാദിപ്പിച്ചിട്ടും ദീർഘായുസ്സ് ലഭിക്കാതെ കൊല്ലപ്പെട്ടു. ദൈവത്തോട് കൂടെ നടന്ന ഹാനോക്കിനും ദീർഘായുസ്സ് ലഭിച്ചില്ല. അബ്രഹാം അവസാനം വരെ കൂടാരങ്ങളിൽ താമസിക്കുകയായിരുന്നു. മോശെയാണെങ്കിൽ കനാൻ ദേശം കണ്ടു, എങ്കിലും അവിടെ പ്രവേശിക്കുവാൻ ഇടയായില്ല. അങ്ങനെ നോക്കുമ്പോൾ ഇവരാരും ഈ ഭൂമിയിൽ എന്തെങ്കിലും പ്രാപിച്ചതായി കാണുന്നില്ല. അഭിഷേകം ലഭിച്ച പഴയനിയമ വിശുദ്ധന്മാരുടെ ജീവിതം എല്ലാം ഇങ്ങനെ തന്നെയാണ്. പ്രവാചകന്മാർ അനുഭവിച്ച കഷ്ടതകൾ നാം വായിച്ചിട്ടുണ്ടല്ലോ. ഇതെല്ലാം തെളിയിക്കുന്നത് ദൈവം നമ്മെ വേർതിരിക്കുമ്പോൾ ഈ ലോകത്തിൽ ഉള്ള ആസ്വാദനം എന്ന ഓഹരി നമുക്ക് നഷ്ടപ്പെടുന്നു, അഥവാ ത്യജിക്കേണ്ടി വരുന്നു. ഈ ലോകത്ത് ജീവിക്കുമ്പോൾ, അവകാശം സ്വർഗ്ഗത്തിലാണ് എന്ന് ഇവരുടെ ജീവാവസാനം വരെയുള്ള അനുഭവം തെളിയിക്കുന്നു. എന്നാൽ എബ്രായർ 11 ന്റെ 35-ാം വാക്യത്തിൽ, ഉയർച്ച കിട്ടുമായിരുന്നിട്ടും വേണ്ട എന്ന് വച്ചിരുന്ന അജ്ഞാതരായ ചില വിശുദ്ധന്മാരെക്കുറിച്ച് പറയുന്നു. അവർ ഈ ലോകത്ത് ഒരു നല്ല പേരുപോലും സമ്പാദിച്ചില്ല. എങ്കിലും ദൈവത്തിനു മുൻപിൽ അവർ വിലയേറിയ സാക്ഷികൾ തന്നെയാണ്. അവർ ആഗ്രഹിച്ചത് ശ്രേഷ്ഠമായ ഒരു പുനരുത്ഥാനമാണ്. അങ്ങനെയുള്ള ഒരു ശേഷിപ്പിനെ എല്ലാക്കാലത്തും കർത്താവു നിലനിർത്തുന്നുണ്ട്. ഉദ്ധാരണം കൈക്കൊള്ളാതെ അവർ കഷ്ടത സഹിച്ചു, പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ്, എല്ലാം സഹിച്ചു. കല്ലെറിയപ്പെട്ടു, ഈർച്ചവാളിനാൽ അറുക്കപ്പെട്ടു, കഠിനമായി പരീക്ഷിക്കപ്പെട്ടു. കർത്താവിനെപ്രതി വലിയ ദാരിദ്ര്യത്തിലൂടെയാണ് അവർ കടന്നുപോയത്. ആദ്യനൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ അത്രയുംതന്നെ വലിയ കഷ്ടങ്ങളിലൂടെ കടന്നുപോയവരാണ്. അങ്ങനെ സഹിക്കുന്നവർ, കർത്താവിന് എല്ലാക്കാലത്തും ഉണ്ട്.

സ്വന്തമായി ഭവനം ഇല്ലാതെ അവർ കാടുകളിലും മലകളിലും ഗുഹകളിലും അലഞ്ഞു തിരിഞ്ഞു നടന്നു. കാരണം അവർക്ക് ഈ ലോകം അന്യമായിപ്പോയിരുന്നു. ഇവിടത്തെ സുഖങ്ങളെക്കാൾ ക്രിസ്തുവിനെ അവർ സ്നേഹിച്ചു, ക്രിസ്തുവിന്റെ നിന്ദ തെരഞ്ഞെടുത്തു. ഇവർ എന്തിനുവേണ്ടിയാണ് ഇത്രയും വലിയ കഷ്ടം സഹിച്ചത്? ശ്രേഷ്ഠമായ ഒരു പുനരുത്ഥാനത്തിനു വേണ്ടി എന്ന് വ്യക്തം. എന്നാൽ അവർക്ക് ആ പുനരുത്ഥാനം ലഭിച്ചോ? ഇതുവരെ ലഭിച്ചിട്ടില്ല. ഈ വലിയോരു സമൂഹം വാഗ്ദത്തനിവർത്തി പ്രാപിക്കാൻ വേണ്ടി കാത്തിരിക്കുന്നു. എന്നാൽ അവർക്ക് വിശ്വാസികൾ എന്ന സാക്ഷ്യം ദൈവത്താൽ ലഭിച്ചു.

ഈ അധ്യായം നമ്മെ പഠിപ്പിക്കുന്ന വലിയ ഒരു ആത്മിക പാഠമുണ്ട്. ദൈവത്തെ വിശ്വസിക്കുന്നവരെല്ലാം ഒരു സമൂഹമാണ്. അവരെല്ലാവരും വിശ്വാസത്താൽ നീതികരണം ലഭിച്ചവരും സാക്ഷ്യം പ്രാപിച്ചവരും ആണ്. അതിൽ പഴയനിയമ വിശുദ്ധന്മാർ എന്നോ, പുതിയനിയമ വിശുദ്ധന്മാർ എന്നോ ഇല്ല. ദൈവത്തിന്റെ ജനം ക്രിസ്തുവിലൂടെ വിശ്വാസത്താൽ രക്ഷപ്പെട്ടവരാണ്. ആ കൂട്ടത്തിലാണ് ദൈവം നമ്മെയും എണ്ണിയിരിക്കുന്നത്. ന്യായപ്രമാണം നിലനിന്നിരുന്ന കാലത്തും ദൈവത്തിന്റെ ജനം ന്യായപ്രമാണത്താൽ അല്ല വിശ്വാസത്താൽ കൃപയിലൂടെ മാത്രമാണ് രക്ഷപ്പെട്ടിട്ടുള്ളത്. ദൈവം മനുഷ്യർക്ക് ക്രിസ്തുവെന്ന ഒരു വഴി മാത്രമേ എല്ലാക്കാലത്തും ഒരുക്കിയിരുന്നുള്ളൂ, എന്നും ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ന്യായപ്രമാണത്താൽ ഒരു ജനവും ഒരു കാലത്തും നീതിമാന്മാർ എന്ന സാക്ഷ്യം പ്രാപിച്ചിട്ടില്ല എന്നും, വിശ്വാസത്തിലൂടെയല്ലാതെ വേറെ വഴിയില്ലെന്നും എല്ലാ അപ്പൊസ്തലിക ലേഖനങ്ങളിലും നാം വായിക്കുന്നുണ്ട്.

എബ്രായർ 11:40 ൽ 'അവർ നമ്മെക്കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന് ദൈവം നമുക്ക് വേണ്ടി ഏറ്റവും നല്ലതൊന്ന് മുൻ കരുതിയിരുന്നു' എന്തുകൊണ്ടാണ് നമ്മുടെ രക്ഷ ഏറ്റവും നല്ലത് എന്ന് പറയുന്നത്? പലപ്പോഴും ദൈവത്തിന്റെ സാന്നിധ്യം എന്ന വാക്ക് നാം ഉപയോഗിക്കാറുണ്ട്. അതിനർത്ഥം ദൈവം നമ്മുടെ സമീപേ എന്നാണ്. ദൈവത്തിന്റെ കൂടെ നടന്ന ആളാണ് ഹാനോക്ക്. യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരും, പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആയിരുന്ന യേശുക്രിസ്തുവിന്റെ കൂടെ നടന്നു. ആഹാരം കഴിക്കുകയും വർത്തമാനം പറയുകയും ആത്മസംസർഗ്ഗത്തിൽ ജീവിക്കുകയും ചെയ്തവരാണ്. അതിലും ശ്രേഷ്ഠമായ ഒന്നുണ്ടോ? ഹാനോക്ക് ദൈവത്തിന്റെ കൂടെ നടന്നതിനേക്കാളും ശ്രേഷ്ഠമായ ഒരു അനുഭവം!

അനുദിനം ദൈവത്തെ അനുഭവിച്ചറിയുന്ന ഒരു രക്ഷയാണ് ദൈവം നമുക്ക് തന്നിരിക്കുന്നത്. കാരണം ഇന്ന് ദൈവം നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു. ആത്മാവായ ദൈവം നമ്മുടെ ഉള്ളിൽ വസിക്കുകയും ക്രിസ്തുവിന്റെ ജീവനിൽ നമ്മെ നടത്തുകയും ചെയ്യുന്നു. ഇങ്ങനെയൊരു പങ്കുവയ്ക്കൽ ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. ക്രിസ്തു തേജസ്ക്കരിക്കപ്പെട്ട ശേഷമാണ് നമ്മുടെ ഉള്ളിൽ വസിക്കുന്നതിനായി പരിശുദ്ധാത്മാവിനെ നൽകിയത്. ആ ഒരു വീണ്ടെടുപ്പാണ് ഏറ്റവും മനോഹരമായ ആത്മികാവസ്ഥയിലേക്ക് നമ്മെ നയിച്ചത്. അതുകൊണ്ട് ദൈവം കൂടെ ഉണ്ട് എന്നതിനേക്കാളും ആഴമുള്ള അനുഭവമാണ് ദൈവം നമ്മുടെ ഉള്ളിൽ വസിക്കുന്നു എന്നത്. 'മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുന്നു' എന്ന അതിമഹത്തായ അനുഭവം(കൊലോസ്യർ 1:27).

എന്നാൽ ഈ അനുഭവം പ്രാപിക്കാത്തവർ മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളിൽ ആശ്രയം വയ്ക്കുന്നു. അതുകൊണ്ട് അനേകർക്കും യേശുക്രിസ്തു, ദൈവവും കർത്താവും ആയിരിക്കുന്നത് നാമമാത്രമായിരിക്കുകയും ജീവനായി പരിണമിക്കാതിരിക്കുകയും ചെയ്യുന്നു. കർത്താവ് ആരാധനയ്ക്ക് യോഗ്യനാണ് എന്നതുപോലെതന്നെ അവിടുന്ന് നമ്മുടെ ജീവനുമാണ്. വിശ്വാസത്താൽ മാത്രം അനുഭവിക്കാൻ പറ്റുന്ന ദൈവിക ജീവൻ. ഇത്രയും വലിയ ഒരു പ്രായോഗിക അനുഭവം പഴയ നിയമത്തിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഏത് അത്ഭുതത്തേക്കാളും നമുക്ക് പ്രധാനം 'ക്രിസ്തു നമ്മുടെ ഉള്ളിൽ' വസിക്കുന്നു എന്ന വലിയ സത്യം. അവർക്ക് ലഭിച്ചതിനെക്കാളും വലിയ ഒന്നിലേക്ക് നമ്മെ ദൈവം വിളിച്ചിരിക്കുന്നു.

വീണ്ടുംജനനത്തെയും ആത്മാവിന്റെ അധിവാസത്തെയും, ക്രിസ്തു നമുക്ക് നൽകുന്ന നീതിയെയും വിശുദ്ധിയെയും, നിത്യമായ തേജസിനെയും, എല്ലാം അവഗണിച്ചുകൊണ്ട് പുറമെയുള്ള ആത്മീയ അനുഭവങ്ങൾക്കു വേണ്ടി ദാഹിച്ചു നടക്കുകയും, ഈ ലോകത്തെ മോഹിക്കുകയും ചെയ്യുന്നവർ നഷ്ടപ്പെടുത്തുന്നത് പഴയനിയമത്തിലെ വിശുദ്ധരായ പിതാക്കന്മാർക്ക് പോലും ലഭിക്കാത്ത അപൂർവ്വമായ ആത്മീയ അനുഭവമാണ്. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നാമും അവനോട് കൂടെ തേജസിൽ വെളിപ്പെടും. ഈ വാഗ്ദത്തങ്ങളിലേക്ക് നാം എങ്ങനെ യാത്ര ചെയ്യണമെന്നുള്ളതാണ് പന്ത്രണ്ടാം അധ്യായത്തിൽ അപ്പൊസ്തലൻ പഠിപ്പിക്കുന്നത്. ക്രിസ്തുവിനെ നോക്കി അവന്റെ വിശുദ്ധി പ്രാപിക്കുന്നതിനുവേണ്ടിയുള്ള ഓട്ടമാണ് നാം ഇവിടെ ണുന്നത്. നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ പ്രതിഫലവും ക്രിസ്തു തന്നെയാണ്. •



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

പോരാട്ടങ്ങളിൽ വിജയം കൈവരിക്കുക

ആത്മീയജീവിതത്തിൽ വിജയം കൈവരിക്കാൻ നമുക്കാവശ്യമായ അനേകം ഗുണങ്ങളിൽ ഒന്നാണ് സ്ഥിരോത്സാഹം. വിവേചനാശക്തിയും ആത്മീയാധികാരവും അചഞ്ചലമായ വിശ്വാസവും സമന്വയിച്ച്, മറ്റു സത്ഗുണങ്ങളോടൊപ്പം നമ്മുടെ ഉള്ളിൽ വളർന്നുവരേണ്ട ആത്മീയ പരിപക്വതയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അതായത് നാം പ്രാപിക്കേണ്ടുന്ന സമ്പൂർണ്ണ രൂപാന്തരം.

ദൈവരാജ്യത്തെക്കുറിച്ച് അറിയുക എന്നതുമാത്രമല്ല നമ്മുടെ വിളി. അതിന്റെ യാഥാർഥ്യം ജീവിതത്തിൽ അനുഭവിക്കുകയും അതിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നതെല്ലാം വിശ്വാസത്തോടെ സ്വന്തമാക്കുകയും ചെയ്യുക എന്നതും അതിൽ ഉൾപ്പെടുന്നു. വീണ്ടുംജനിക്കുമ്പോൾ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നു. എന്നാൽ ആത്മാവിനാൽ ജനിച്ചു എന്നതുകൊണ്ടുമാത്രം നമ്മുടെ ആത്മീയ യാത്ര പൂർത്തിയാകുന്നില്ല. മറിച്ച്, പുതിയ സാധ്യതകളും വെല്ലുവിളികളും പ്രതിബന്ധങ്ങളും നിറഞ്ഞ ഒരു ജീവിതത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമായി ജീവിക്കാനും അവിടുന്ന് നമ്മെ ഏൽപ്പിച്ച ദൗത്യം നിറവേറ്റാനും പല പ്രതിബന്ധങ്ങളെയും അതിജീവിക്കേണ്ടതുണ്ട്.

യേശു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ പ്രഖ്യാപിച്ചത്, 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്നായിരുന്നു. എന്നാൽ അതിന്റെ യാഥാർഥ്യം ജീവിതത്തിൽ വെളിപ്പെടണമെങ്കിൽ വിശ്വാസത്തിലും ആത്മീയ ജാഗ്രതയിലും നാം ഉറച്ചുനിൽക്കണം. സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിന്നിരയാകുന്നു; ബലപ്രയോഗം ചെയ്യുന്നവർ അതിനെ പിടിച്ചടക്കുന്നു എന്ന് യേശു അരുളിച്ചെയ്തു. ഇവിടെ പരാമർശിക്കുന്നത് ശാരീരികമായ ബലപ്രയോഗമല്ല. മറിച്ച്, പ്രതിബന്ധങ്ങളും പരീക്ഷണങ്ങളും എതിർപ്പുകളും എത്രയായാലും ദൈവത്തെ അന്വേഷിക്കുന്നതിൽ നിശ്ചയദാർഢ്യത്തോടെ തളരാതെ തീക്ഷ്ണതയോടും ആത്മാർത്ഥതയോടും സ്ഥിരമാനസ്സരായി മുന്നേറുന്ന അനുഭവമാണ്. യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും പങ്കാളി എന്നു യോഹന്നാൻ സ്വയം വിശേഷിപ്പിക്കുന്നു (വെളിപ്പാട് 1:9). ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുമ്പോൾ കഷ്ടതകളും എതിർപ്പുകളും നേരിടേണ്ടിവന്നേക്കാം. അതിനാൽ, ദൈവരാജ്യം കേവലം ഒരു ഉപദേശമോ വിശ്വാസപ്രമാണമോ ആയി ഒതുങ്ങരുത്. നമ്മുടെ ജീവിതത്തിൽ അതിന്റെ യാഥാർഥ്യം പ്രകടമാകുന്നതുവരെ നാം വിശ്വാസത്തോടെ മുന്നേറണം.

വെളിപ്പാട് പുസ്തകത്തിൽ സ്ഥിരോത്സാഹത്തെ ആവർത്തിച്ചു പരാമർശിക്കുന്നത് ശ്രദ്ധേയമാണ്. പരീക്ഷണങ്ങൾക്കിടയിലും വിശ്വസ്തരായി നിലനിന്നവരെയും ജയിച്ചവരെയും നാം അവിടെ കാണുന്നു. ദൈവികലക്ഷ്യങ്ങൾ തിരിച്ചറിയുന്നതും പ്രധാനമാണ്. എന്നാൽ അവ മാത്രം നമ്മെ ലക്ഷ്യത്തിലെത്തിക്കുകയില്ല. ആ ലക്ഷ്യങ്ങളിലേക്കു മുന്നേറാൻ സ്ഥിരോത്സാഹവും ആവശ്യമാണ്. സ്ഥിരോത്സാഹം എന്നത് പ്രതിബന്ധങ്ങൾക്കു മുന്നിൽ തളർന്നുപോകാതെ ഉറച്ചുനിൽക്കാനുള്ള മനോഭാവമാണ്. അലസതയ്ക്കും നിഷ്ക്രിയത്വത്തിനും നേർവിപരീതമാണത്.

ചിലപ്പോൾ നാം ബലഹീനതകൾ അനുഭവിച്ചേക്കാം; വീണുപോയെന്നും തോറ്റുപോയെന്നും തോന്നാം. എന്നാൽ വീഴ്ച നമ്മുടെ യാത്രയുടെ അവസാനമല്ല. 'ഞാൻ വീണാലും എഴുന്നേൽക്കും; ഞാൻ ഇരുട്ടിൽ ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കും' എന്ന് മീഖാ പ്രഖ്യാപിക്കുന്നു (മീഖാ 7:8). പരാജയത്തിൽനിന്ന് എഴുന്നേറ്റ് വീണ്ടും മുന്നേറാനുള്ള മനസ്സുറപ്പാണ് വിശ്വാസിയുടെ അടയാളം. നമ്മുടെ വിജയം സ്വന്തശക്തിയിലല്ല, ദൈവത്തിലുള്ള വിശ്വാസത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. സ്ഥിരോത്സാഹം ക്രിസ്തുവുമായുള്ള ഐക്യത്തിൽനിന്നു ലഭിക്കുന്ന കൃപയുടെ പ്രകടനമാണ്. ക്ഷീണിതരും ഭാരപ്പെട്ടവരുമായിരിക്കുമ്പോൾ നാം അവന്റെ അടുക്കൽ ചെല്ലുന്നു. അവനിൽ വിശ്രമവും പുതുശക്തിയും കണ്ടെത്തി മുന്നേറുന്നു.

ആത്മീയജീവിതത്തിന്റെ അടിത്തറയിൽ ഈ അചഞ്ചലമായ സ്ഥിരോത്സാഹം ഉണ്ടായിരിക്കണം. 'അവസാനത്തോളം സഹിച്ചുനിൽക്കുന്നവനോ രക്ഷിക്കപ്പെടും' എന്ന് യേശു അരുളിച്ചെയ്തു (മത്തായി 24:13). അലസതയും നിഷ്ക്രിയത്വവും നിശ്ശബ്ദമായി നിങ്ങളുടെ ആത്മീയ ഊർജ്ജത്തെ കവർന്നെടുത്തിട്ടുണ്ടോ? എങ്കിൽ, ദൈവകൃപയാൽ പരിശുദ്ധാത്മാവ് ഇന്ന് നിങ്ങളുടെ ഉള്ളിൽ ക്രിസ്തുവിന്റെ സ്ഥിരോത്സാഹം ഉണർത്തട്ടെ. സ്ഥിരതയും ആശ്വാസവും നൽകുന്ന ദൈവം (റോമർ 15:5) നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവിക ലക്ഷ്യത്തിനനുസരിച്ച് ജീവിക്കാൻ ശക്തീകരിക്കട്ടെ, മടുത്തു പോകാതെ മുന്നേറാനുള്ള സമയമാണിത്. ദൈവത്തിന്റെ വാഗ്ദാനങ്ങളെക്കുറിച്ച് വായിക്കുകയും അവയെക്കുറിച്ചു സംസാരിക്കുകയുംചെയ്യുന്നതിൽ മാത്രം നാം തൃപ്തിപ്പെടരുത്. അവയിൽ വിശ്വസിക്കുകയും അവയ്ക്കനുസൃതമായി ജീവിക്കുകയും വേണം. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ ശക്തി പ്രകടമാകണം. അതുകൊണ്ട്, നിങ്ങൾ രക്ഷിക്കപ്പെട്ടോ എന്ന ചോദ്യത്തോടൊപ്പം മറ്റൊരു ചോദ്യവും നാം സ്വയം ചോദിക്കണം. ക്രിസ്തുവിൽ വിശ്വാസത്തോടെ മുന്നേറി, ജീവിതത്തിലെ പോരാട്ടങ്ങളിൽ വിജയം കൈവരിക്കുന്നുണ്ടോ? നാം നേരിടുന്ന പോരാട്ടം വ്യക്തിപരമായതാകാം; കുടുംബത്തെ ബാധിക്കുന്നതാകാം; സമൂഹത്തിന്റെയോ രാജ്യത്തിന്റെയോ ആത്മീയ ഉണർവിനുവേണ്ടിയുള്ളതാകാം. ഏതുതരത്തിലുള്ള പ്രതിസന്ധിയാണെങ്കിലും വിശ്വാസജീവിതത്തിൽ നാം പിന്മാറണമെന്നതാണ് ശത്രുവിന്റെ ലക്ഷ്യം. നിരാശരായി ദൈവിക ലക്ഷ്യങ്ങളിൽനിന്ന് പിന്തിരിയാൻ അവൻ നമ്മെ പ്രലോഭിപ്പിക്കുന്നു.

പരാജയത്തിൽനിന്ന് എഴുന്നേറ്റ് വീണ്ടും മുന്നേറാനുള്ള മനസ്സുറപ്പാണ് വിശ്വാസിയുടെ അടയാളം.

എന്നാൽ ദൈവം പ്രവർത്തിക്കാൻ ഇനിയും വൈകിയിട്ടില്ല. വ്യക്തികളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും ആത്മീയ ഉണർവ് ആരംഭിക്കുകയും തുടരുകയുംചെയ്യും എന്ന പ്രത്യാശ നമുക്കുണ്ട്. അതിനായി പ്രാർഥിക്കാനും വിശ്വാസത്തോടെ പ്രവർത്തിക്കാനും നാം തയ്യാറാകണം. ദൈവത്തിന്റെ കരുണയിലും ശക്തിയിലും ആശ്രയിച്ച് മുന്നേറാനുള്ള സമയമാണിത്. സഹിഷ്ണുതയും സ്ഥിരോത്സാഹവും, ക്രിസ്തുസദൃശ്യമായ സ്വഭാവത്തെ രൂപപ്പെടുത്തുന്ന അനിവാര്യഗുണങ്ങളാണ്. വിശ്വാസം കേവലം ഒരു സിദ്ധാന്തമായി നിലനിൽക്കാതെ, ജീവിതരീതിയായി മാറുന്നത് ഇത്തരം ഗുണങ്ങളിലൂടെയാണ്. യാക്കോബ് 1:4 നമ്മെ ഓർമിപ്പിക്കുന്നതുപോലെ, സ്ഥിരതയ്ക്കു തക്ക പ്രവൃത്തി പൂർത്തിയാക്കട്ടെ; അങ്ങനെ നാം പക്വതയുള്ളവരായി വളരട്ടെ. ആത്മീയ പക്വതയിലേക്കുള്ള യാത്രയിൽ സ്ഥിരോത്സാഹത്തിന് പകരംവയ്ക്കാൻ മറ്റൊന്നുമില്ല. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമ്മുടെ മനസ്സ് പുതുക്കി, വിശ്വാസത്തിനുവേണ്ടി നിലകൊള്ളേണ്ടതും, ദൈവം ഏൽപ്പിച്ച ദൗത്യത്തിൽനിന്ന് പിന്മാറാതെ മുന്നേറേണ്ടതും ആയ സമയമാണിത്. •



ജെ പി പാലത്തിങ്കൽ

നമ്മുടെ വളർച്ചയും തളർച്ചയും

അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിനു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടു സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?(എബ്രായർ 2:1-4)

ക്രിസ്തീയ ജീവിത പുരോഗതി യാന്ത്രികമല്ല; ദൈവവചനത്തിലൂടെ നാം ദൈവവുമായി ഒന്നിക്കുമ്പോൾ മാത്രമേ അത് സംഭവിക്കൂ. ക്രിസ്തുവുമായുള്ള ബന്ധം വളർത്തിയെടുക്കുന്നതിൽ വചനത്തിലൂടെ ലഭിക്കുന്ന എല്ലാ കണ്ടെത്തലുകളോടും പ്രതികരിക്കുന്ന വ്യക്തിയായി ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ വിശേഷിപ്പിക്കാം. നാം അങ്ങനെ ചെയ്യുമ്പോൾ, യേശു തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തുന്നു. ദൈവകൃപയിലാശ്രയിച്ച് നാം പ്രതികരിക്കുന്നതു പോലെ മാത്രമാണ് നമ്മുടെ വളർച്ചയും തളർച്ചയും, അതിൽ ഒട്ടും കുറവോ കൂടുതലോ ആവില്ല! ക്രിസ്തീയ ജീവിതത്തിൽ വളരുവാൻ ദൈവം നമ്മെ സഹായിക്കുന്നുണ്ടെങ്കിലും, നമുക്കും ഒരു പങ്കു വഹിക്കാനുണ്ട്. തന്റെ വചനത്തിലൂടെ വെളിപ്പെട്ടു ലഭിക്കുന്ന എല്ലാക്കാര്യങ്ങളും അംഗീകരിച്ച്, സമർപ്പിച്ച്, അനുസരിച്ച് പ്രതികരിക്കുക എന്നതാണ് നമ്മുടെ കടമ.

അതിനാൽ നാം ചെയ്യേണ്ടത് യേശുവിൽ വിശ്രമിക്കുകയും, ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ്. ദൈവിക വിഭവങ്ങൾ (പ്രത്യേകിച്ച് ദൈവവചനം) നാം പ്രയോജനപ്പെടുത്തണം. അത് സ്വന്തമാക്കാൻ കൃപയാൽ ചില ശീലങ്ങൾ നാം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പ്രവൃത്തികളുടെ പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: അവർ തിരുവചനം ധ്യാനിക്കൽ, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ തങ്ങളെത്തന്നെ സമർപ്പിച്ചു (പ്രവൃത്തികൾ 2:42). 'അവർ തങ്ങളെത്തന്നെ സമർപ്പിച്ചു' എന്ന വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കുക.

രക്ഷ പ്രാപിക്കൽ (യേശുവിനെ നമ്മുടെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ അംഗീകരിക്കൽ) ക്രിസ്തീയ ജീവിതത്തിന്റെ ആദ്യ പടിയാണെങ്കിൽ, രക്ഷയെ വളർത്തൽ (ദൈവരാജ്യത്തിന്റെ മൂല്യങ്ങളെയും, ദൈവീകസ്വഭാവങ്ങളെയും വളർത്തിയെടുക്കൽ) രണ്ടാമത്തേതാണ്. ആരെയും നിർബന്ധിച്ച് രക്ഷാവചനം ഏറ്റു പറയിപ്പിക്കുന്നതിലൂടെ ആരും രക്ഷിക്കപ്പെടുന്നില്ല. എങ്കിലും അക്കാര്യത്തെക്കുറിച്ച് നല്ല ഉൾക്കാഴ്ച വചനത്തിലൂടെ നൽകി നല്ല ബോധ്യത്തിലേക്കു നയിക്കുകയും, ആ ബോധ്യത്തോടെ വിശ്വസിച്ച് ഏറ്റു പറയുകയും ചെയ്യുമ്പോഴാണ് രക്ഷിക്കപ്പെടുന്നത്. പല ക്രിസ്ത്യാനികളും നന്നായി ആരംഭിക്കുന്നു, പക്ഷേ താമസിയാതെ പ്രാരംഭ ഉത്സാഹം മങ്ങുകയും അവർ ശരാശരി ആത്മികജീവിതത്തിൽ തൃപ്തിപ്പെടുകയും ചെയ്യുന്നു. ആത്മിക വളർച്ചയ്ക്കനിവാര്യമായ പോഷണം ലഭ്യമാകുന്നത്, ക്രമീകൃതമായ വചനധ്യാനത്തിലൂടെയും വചനം പ്രയോഗികമാക്കുന്നതിലൂടെയുമാണ്. 'അതുകൊണ്ട് സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും അപവാദങ്ങളും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയിൽ വളരുവാൻ വചനം എന്ന മായമില്ലാത്ത ആത്മീയ പാൽ കുടിക്കുവാൻ വാഞ്ഛിപ്പിൻ. തിരുവെഴുത്തിൽ എഴുതിയിരിക്കുന്നതുപോലെ കർത്താവ് ദയയുള്ളവൻ എന്ന് നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ' (1 പത്രോസ് 2:1-3). പത്രോസ് അതിനെ ഇപ്പോൾ ജനിച്ച കുഞ്ഞുങ്ങൾ അവരുടെ മാതാവിന്റെ സ്തനങ്ങളിൽ നിന്നും ആർത്തിയോടെ പാല് വലിച്ച് കുടിക്കുന്നതുപോലെ നാം ദൈവത്തിന്റെ വചനം, നമ്മിലെ ആത്മീയ മനുഷ്യന്റെ വളർച്ചക്ക് ആർത്തിയോടെ എന്നും കുടിക്കണം എന്നാണ് പറയുന്നത്.

നമ്മുടെ ശരീരത്തിന് ജീവവായു എത്ര മാത്രം ആവശ്യമാണെന്നതിൽ കൂടുതൽ നമ്മുടെ ആത്മാവിന് തിരുവചനം ആവശ്യമെന്ന് മനസ്സിലാക്കുന്നവർ മാത്രമേ, ഇപ്പോൾ ജനിച്ച കുഞ്ഞിനെപ്പോലെ ആർത്തിയോടെ മായമില്ലാത്ത പാൽ കുടിക്കാൻ ആഗ്രഹിക്കുകയുള്ളൂ. അവർക്ക് മാത്രമേ, തനിക്ക് കൃപയാൽ ലഭിച്ച രക്ഷയുടെ മഹത്വം ഗൗരവമായി കാണാൻ കഴിയുകയുമുള്ളൂ.

നമ്മുടെ ചിന്താവിഷയമായ വചനം നമ്മോടു ചോദിക്കുന്ന ചോദ്യം: 'ഇത്ര വലിയ രക്ഷയെ നാം അവഗണിച്ചാൽ നമുക്ക് എങ്ങനെ രക്ഷപ്പെടാൻ കഴിയും?' ശുശ്രൂഷകരിൽപ്പോലും ചിലരുടെയെങ്കിലും ക്രിസ്തീയജീവിതം വളർച്ചയില്ലാത്ത, മുരടിച്ച അവസ്ഥയിലാണ്. അവരുടെ പാപകരമായ ജീവിതശൈലിയല്ല കാരണം, മറിച്ച് അവരുടെ ആത്മീയവളർച്ചയെ ഉത്തേജിപ്പിക്കാൻ സഹായിക്കുന്ന ചില അടിസ്ഥാന വചനങ്ങൾ പാലിക്കുന്നതു ലാഘവബുദ്ധിയോടെ കാണുന്നതാണ്. പ്രത്യുത, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ഗൗരവബോധത്തോടെ സ്വജീവിതത്തിൽ മാതൃക കാണിച്ചുകൊണ്ട് മറ്റുള്ളവരെ അഭ്യസിപ്പിക്കയാണ് ചെയ്യേണ്ടത്. 'സഹോദരരേ, നല്ലതും പുകഴ്ചയ്ക്കു യോഗ്യവുമായ കാര്യങ്ങളെക്കുറിച്ച് തുടർന്നും ചിന്തിക്കുവിൻ. സത്യവും ആദരണീയവും ശരിയും ശുദ്ധവും സുന്ദരവും ബഹുമാന്യവും ആയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവിൻ. എന്നിൽ നിന്നും ഗ്രഹിച്ചതും കിട്ടിയതുമായ കാര്യങ്ങൾ ചെയ്യുവിൻ. ഞാൻ പറഞ്ഞ കാര്യങ്ങളും ഞാൻ ചെയ്തതായി നിങ്ങൾ കണ്ട കാര്യങ്ങളും ചെയ്യുവിൻ' (ഫിലിപ്പ്യർ 4:8,9).

ഇങ്ങനെ ചെയ്യാത്തവർക്ക് തങ്ങളുടെ ആത്മിക ജീവിതത്തിൽ ക്രിസ്തുവേശുവിനോട് സദൃശ്യരാകുവാനും ക്രിസ്തുവിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരുവാനും സാധ്യമാകുന്നതെങ്ങനെ? 'ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ മൂലം നിങ്ങൾ നേരത്തെതന്നെ ഒരുക്കപ്പെട്ടിരിക്കുന്നു. എന്നിൽ തുടർന്നു വസിക്കുക, ഞാൻ നിങ്ങളിലും വസിക്കും. ഒരു ശാഖയ്ക്കും തനിയെ കായ്ക്കാനാവില്ല. അതുപോലെയാണു നിങ്ങളും. നിങ്ങൾ എന്നിൽ വസിക്കണം. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ചില്ലകളുമാണ്. ഒരുത്തൻ എന്നിൽ വസിക്കുകയും ഞാൻ അവനിൽ വസിക്കുകയും ചെയ്താൽ ഏറെ ഫലം ഉളവാക്കും. പക്ഷേ എന്നെക്കൂടാതെ അയാൾക്ക് ഒന്നും ചെയ്യാനാവില്ല. എന്നിൽ വസിക്കാനാവാത്തവൻ മുറിച്ചെറിയപ്പെട്ട ചില്ലയ്ക്കു സമമാണ്. ആ ചില്ല കരിഞ്ഞു പോകും. ഉണങ്ങിയ ചില്ലകൾ ശേഖരിച്ച് ആളുകൾ തീയിലെറിയും' എന്ന യേശുവിന്റെ വാക്കുകൾ ജാഗ്രതയോടെ കരുതി കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിങ്കൽ എടുക്കപ്പെടുവാൻ നമുക്ക് പ്രചോദനമായിരിക്കട്ടെ. ക്രിസ്തുയേശുവിന്റെ മാതൃകപ്രകാരം, തളരാതെ വളർച്ചയിൽ മുന്നേറുവാൻ ദൈവം സഹായിക്കട്ടെ.

•

വിശ്വാസത്തിൽ സ്ഥിരമാനസരായി

'മകനെ, ഞാൻ എന്റെ വിശ്വാസക്കണ്ണുകൾ ഉയർത്തി നോക്കുന്ന ഈ ഘട്ടത്തിൽ നിന്റെ സഹോദരന്മാർ ആറു പേരും സ്വർഗ്ഗത്തിൽ ഇരിക്കുന്നത് കാണുന്നു. നീയും അവിടെ എത്തിച്ചേരുമെന്ന് ഞാൻ വിശ്വസിക്കുന്നു. എത്രയുംവേഗം ഞാനും നിങ്ങളോടൊന്നിച്ച് അവിടെ കാണും'. ഇളയമകൻ ഉമിത്തീയിൽ നീറിപ്പുകയുമ്പോൾ സിമ്പോറോസ എന്ന ധീരവനിതയുടെ പ്രത്യാശാനിർഭരമായ വാക്കുകൾ! റോമാസാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾക്കെതിരെ പീഡകൾ കൊടുമ്പിരി കൊള്ളുന്ന അവസരത്തിൽ സകല ജനങ്ങളും ജാതീയ ദേവന് ബലി കഴിക്കണമെന്ന് ട്രാജൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. വിവിധ സ്ഥലങ്ങളിൽ വസിച്ചിരുന്ന ക്രിസ്ത്യാനികളെ കൊന്നൊടുക്കുക എന്നതായിരുന്നു ചക്രവർത്തിയുടെ ലക്ഷ്യം. കൽപ്പന ലംഘിക്കുന്നവരെ കാരാഗൃഹത്തിൽ അടച്ചു. കാരാഗൃഹങ്ങളെല്ലാം ക്രിസ്ത്യാനികളെക്കൊണ്ട് നിറഞ്ഞു. കൂടാതെ പലരെയും വിവിധ രീതികളിൽ കൊന്നൊടുക്കി.

ജാതീയദേവന് ബലി കഴിക്കുവാൻ വിസമ്മതം കാട്ടിയ സിമ്പോറോസയും 7 പുത്രന്മാരും തടവറയിൽ അടയ്ക്കപ്പെട്ടു. വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ പല വാഗ്ദാനങ്ങൾ അവൾക്ക് നൽകി. എങ്കിലും അവളുടെ തീരുമാനത്തിന് അണുവിട വ്യത്യാസമുണ്ടായില്ല. ക്രിസ്തുവിനുവേണ്ടി എന്തും സഹിക്കാൻ സന്നദ്ധയാണെന്ന് അവൾ പ്രഖ്യാപിച്ചപ്പോൾ അവരിൽ വിദ്വേഷം ആളിക്കത്തി.


ഏഴു മക്കളെയും നിഷ്ക്കരുണം വധിക്കുവാൻ ആയിരുന്നു കൽപ്പന. അതനുസരിച്ച് മൂത്തമകനായ ക്രെൻഷ്യസിനെ കൊല്ലുവാൻ പടയാളികൾ തയ്യാറെടുക്കുമ്പോൾ, അമ്മ മകനെ ഇപ്രകാരം ആശ്വസിപ്പിച്ചു: മകനെ, നീ എന്റെ ആദ്യജാതൻ ആണല്ലോ, നിന്റെ പിതാവിന്റെ മരണാനന്തരം ഞാൻ നിന്നെ ദൈവഭക്തിയിൽ വളർത്തി, നിന്റെ വിശ്വാസം തെളിയിക്കുവാനുള്ള സമയമായിരിക്കുന്നു. ധൈര്യം പ്രാപിച്ച് ക്രിസ്തുവിന്റെ നല്ല ഭടനായി മരിച്ചു കൊള്ളുക. നമുക്ക് നിത്യതയിൽ ഒരുമിച്ചുകാണാം. അമ്മയുടെ ഹൃദയത്തിൽ നിന്ന് പുറത്തുവന്ന ആശ്വാസവാക്കുകൾ മകനെ വളരെയധികം ശക്തീകരിച്ചു. വിശ്വാസത്തിൽ നിന്നും പിന്തിരിയുവാൻ താൻ സന്നദ്ധനല്ലെന്നു മനസ്സിലാക്കിയപ്പോൾ ഒരു പടയാളി കുന്തം കൊണ്ട് മകന്റെ കഴുത്തിൽ കുത്തുകയും, രക്തം വാർന്നൊഴുകി ജീവൻ വെടിയുകയും ചെയ്തു. രണ്ടാമത്തെ മകൻ ജൂലിയസിന്റെ നെഞ്ചിലാണ് കുന്തം കുത്തിയിറക്കി കൊലപ്പെടുത്തിയത്. മൂന്നാമൻ നെറ്റസിന്റെ ചങ്കിലും, നാലാമൻ പ്രഹഷ്യസിന്റെ വയറ്റിലും, അഞ്ചാമൻ ജസ്റ്റസിന്റെ പുറത്തും, ആറാമൻ സ്റ്റാക്കറ്റസിന്റെ മാർവ്വിലും അവർ കുന്തം കുത്തിയിറക്കി. ആരും അലമുറയിടുകയോ നിലവിളിക്കുകയോ ചെയ്തില്ല. തികഞ്ഞ പ്രത്യാശയോടെ ഓരോരുത്തരായി സ്വർഗ്ഗതീരത്തേക്ക് ചിറകടിച്ച് പറന്നുയർന്നു.

ഇളയ മകൻ യുജീനിയസിനെ വളരെ ക്രൂരമായാണ് കൊലപ്പെടുത്തിയത്. ഒരു കുഴി കുഴിച്ച് ബാലനെ അതിൽ നിർത്തി കഴുത്തറ്റം ഉമിയിട്ട് നിറച്ച് ദഹിപ്പിക്കുകയാണ് ഉണ്ടായത്. അതു കണ്ടു നിന്നിരുന്ന പടയാളികളുടെ കണ്ണുകൾപോലും നിറഞ്ഞു. ഇഞ്ചിഞ്ചായി വെന്തുവെണ്ണീറായ ആ ബാലൻ സ്വർഗ്ഗലോകം പൂകുന്നതിനു മുമ്പ്, 'സ്നേഹമുള്ള കർത്താവേ, എന്റെ ആത്മാവിനെ തൃക്കൈയിൽ ഭരമേൽപ്പിക്കുന്നു' എന്നു പറഞ്ഞ ശബ്ദം അവിടെങ്ങും മാറ്റൊലിക്കൊണ്ടു.

തന്റെ സ്നേഹനിധികളായ മക്കളെ ക്രൂരമായി കൊന്നൊടുക്കിയപ്പോഴും അമ്മ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചില്ല. ഉത്തരത്തിന്മേൽ തൂക്കപ്പെട്ട സിമ്പോറോസയെ ഒടുവിൽ പടയാളികൾ കെട്ടഴിച്ച് താഴെ ഇറക്കി. വളരെ അപൂർവ്വമായി ചെയ്തുവന്ന വധരീതിയാണ് അവലംബിച്ചത്. ഭാരമേറിയ ഒരു കല്ല് അവളുടെ കഴുത്തിൽ കെട്ടി, നദിയുടെ ആഴത്തിലേക്ക് താഴ്ത്തിക്കളഞ്ഞപ്പോൾ അവളും സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു.



ഡോ. സജികുമാർ കെ. പി.



കൗമാരക്കാരിൽ വളരുന്ന ക്രൂരത

ഒരു കുട്ടി മറ്റൊരു കുട്ടിയെ ക്രൂരമായി മർദ്ദിക്കുന്നു. ചിലർ അത് തടയുന്നതിന് പകരം മൊബൈൽഫോണിൽ ചിത്രീകരിക്കുന്നു, ആർത്തുവിളിച്ച് പ്രോത്സാഹിപ്പിക്കുന്നു. ദൃശ്യങ്ങൾ പിന്നീട് പ്രചരിക്കുമ്പോൾ അത് ചെയ്ത കുട്ടി ചിലരുടെ കണ്ണിൽ ഒരു ഹീറോ ആയി മാറുന്നു. വേദനിക്കുന്നവനോട് സഹതാപം തോന്നേണ്ട സ്ഥാനത്ത് അക്രമം കാണിക്കുന്നവരോട് ഒരുതരം ആരാധനാമനോഭാവം രൂപപ്പെടുന്നു. ഇത്തരം സംഭവങ്ങൾ നമ്മുടെ സമൂഹത്തിൽ ഉയർത്തുന്ന ചോദ്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. ചില കൗമാരക്കാർ ഇത്രയധികം ക്രൂരത പ്രകടിപ്പിക്കുന്നതും മറ്റൊരാളുടെ വേദന അവരെ സ്പർശിക്കാത്തതും എന്തുകൊണ്ടാണ്? സ്വന്തം ശക്തി തെളിയിക്കാനുള്ള മാർഗമായി അക്രമത്തെ അവർ കാണുന്നത് എന്തുകൊണ്ടാണ്?

എല്ലാ കൗമാരക്കാരും അക്രമാസക്തരാണെന്നു ധരിക്കരുത്. കരുണയും സാമൂഹികപ്രതിബദ്ധതയും ധാർമ്മികബോധവും പുലർത്തുന്ന യുവജനങ്ങൾ നമുക്കിടയിലുണ്ട്. എങ്കിലും ചില കുട്ടികളിൽ കാണപ്പെടുന്ന ക്രൂരതയും അതിനോടുള്ള നിസ്സംഗതയും അവഗണിക്കാനാവില്ല. അത് അവരുടെ ചിന്തകളുടെയും വികാരങ്ങളുടെയും മൂല്യബോധത്തിന്റെയും ബന്ധങ്ങളുടെയും രൂപീകരണവുമായി ഇണയ്ക്കപ്പെട്ട ഗൗരവമുള്ള ഒരു വിഷയമാണ്. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ കുടുംബം, മാധ്യമങ്ങൾ, കൂട്ടുകെട്ടുകൾ, സാമൂഹികസാഹചര്യങ്ങൾ, ആത്മീയ അനുഭവങ്ങൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്.

രക്ഷാകർതൃത്വത്തിലെ പാളിച്ചകൾ:

കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഏറ്റവും നിർണ്ണായകമായ സ്വാധീനങ്ങളിൽ ഒന്നാണ് കുടുംബം. കുട്ടികൾ ശരിയും തെറ്റും പഠിക്കുന്നത് മാതാപിതാക്കളുടെ ഉപദേശങ്ങളിൽ നിന്ന് മാത്രമല്ല, അവരുടെ പെരുമാറ്റങ്ങളിൽ നിന്നും പ്രതികരണങ്ങളിൽ നിന്നും കൂടിയാണ്. ഇന്നത്തെ പല മാതാപിതാക്കളും മക്കൾക്ക് മികച്ച വിദ്യാഭ്യാസവും ഭക്ഷണവും വസ്ത്രവും സാങ്കേതിക സൗകര്യങ്ങളും നൽകാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. എന്നാൽ അവരുടെ ധാർമ്മികവും വൈകാരികവുമായ സ്വഭാവരൂപീകരണത്തിന് ആവശ്യമായ ശ്രദ്ധ നൽകാൻ ചിലർ പരാജയപ്പെടുന്നു. മക്കളുടെ അക്കാദമിക വിജയത്തെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്ന മാതാപിതാക്കൾ പോലും അവരുടെ സ്വഭാവത്തെക്കുറിച്ച് വേണ്ടത്ര ശ്രദ്ധിക്കാറില്ല. മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു എന്നറിയാൻ ശ്രമിക്കുന്നുമില്ല. ഒരു കുട്ടി വീട്ടിൽ കാണുന്നതെന്താണ്? അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ മാതാപിതാക്കൾ പരസ്പരം അപമാനിക്കുന്നതാണോ? പ്രശ്നങ്ങൾ പരിഹരിക്കാൻ അലർച്ചയും ഭീഷണിയും ഉപയോഗിക്കുന്നതാണോ? ദുർബ്ബലരായവരെ പരിഹസിക്കുന്നതാണോ? അങ്ങനെയെങ്കിൽ ശക്തിയുള്ളവൻ മറ്റുള്ളവരെ കീഴ്പ്പെടുത്തുന്നതാണ് ജീവിതത്തിന്റെ രീതി എന്ന് തെറ്റായ പാഠം കുട്ടി ഉൾക്കൊണ്ടേക്കാം

'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല'. ഈ വാക്യം രക്ഷാകർതൃത്തിന്റെ ഗൗരവം ഓർമിപ്പിക്കുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണം യാദൃശ്ചികമായി സംഭവിക്കേണ്ട ഒന്നല്ല. ബോധപൂർവ്വമായ പരിശീലനവും മാതൃകയും ആവശ്യമാണ്. പൗലോസ്, പിതാക്കന്മാരോട് 'മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തണമെന്ന്' നിർദ്ദേശിക്കുന്നു. ഇവിടെ രണ്ടു കാര്യങ്ങൾ പ്രധാനമാണ് 'സ്നേഹവും ശിക്ഷണവും'. സ്നേഹമില്ലാത്ത ശിക്ഷണം കുട്ടിയെ മുറിപ്പെടുത്തും. ശിക്ഷണമില്ലാതെ സ്നേഹം നിരുത്തരവാദപരമായ സ്വഭാവരൂപീകരണത്തിന് വഴിയൊരുക്കും. എന്നാൽ എല്ലാ അക്രമസ്വഭാവത്തിനും മാതാപിതാക്കളെ മാത്രം കുറ്റപ്പെടുത്തുന്നതും ശരിയല്ല. കുട്ടികളുടെ സ്വഭാവത്തെ സ്വാധീനിക്കുന്ന ആത്മികവും ജൈവികവും മാനസികവും സാമൂഹികവുമായ മറ്റു ഘടകങ്ങളുണ്ട്. കുടുംബത്തിന്റെ മാതൃകയും ഉത്തരവാദിത്വവും വളരെ വലുതാണ്.

ക്രൂരത വിനോദമാക്കുന്ന ദൃശ്യമാധ്യമങ്ങൾ:

ഒരുകാലത്ത് അക്രമത്തിന്റെ ദൃശ്യങ്ങൾ കാണുമ്പോൾ മനുഷ്യർ ഭയപ്പെടുകയും അസ്വസ്ഥരാവുകയും ചെയ്തിരുന്നു. ഇന്ന് അക്രമം നിറഞ്ഞ ദൃശ്യങ്ങൾ വിനോദമായി തീർന്നിരിക്കുന്നു. പ്രതികാരത്തിനുവേണ്ടി മറ്റൊരാളെ ക്രൂരമായി മർദ്ദിക്കുന്ന കഥാപാത്രം വിജയത്തിന്റെ പ്രതീകമായി മാറുന്നു. നിയമം കയ്യിലെടുക്കുന്നവനും മറ്റുള്ളവരെ അപമാനിക്കുന്നവനും ചില കഥകളിൽ ആരാധ്യരാകുന്നു. ഇവിടെ മനഃശാസ്ത്രപരമായ ഒരു പ്രതിഭാസം, വൈകാരികക്ഷമത കുറയുന്ന അവസ്ഥകളോട് ആവർത്തിച്ചുള്ള സമ്പർക്കം ചിലരിൽ അക്രമത്തോടുള്ള വൈകാരിക പ്രതികരണം കുറയ്ക്കാം. ആദ്യം ഭയപ്പെടുത്തിയ ദൃശ്യങ്ങൾ പിന്നീട് സാധാരണമായി തോന്നിത്തുടങ്ങാം. അതേസമയം അക്രമമുള്ള സിനിമകൾ കാണുന്ന എല്ലാ കുട്ടികളും അക്രമാസക്തരാകുമെന്ന് പറയാൻ ആവില്ല. മാധ്യമങ്ങളുടെ സ്വാധീനം, കുട്ടിയുടെ പ്രായം, വ്യക്തിത്വം, കുടുംബാന്തരീക്ഷം, മുൻകാല അനുഭവങ്ങൾ, ദൃശ്യങ്ങളുടെ സ്വഭാവം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

എങ്കിലും ഒരു ചോദ്യം നാം ചോദിക്കണം. മറ്റൊരാളെ വേദനിപ്പിക്കുന്നത് വിനോദമായി കാണാൻ ശീലിക്കുന്ന ഒരു മനസ്സിന് എത്രത്തോളം മറ്റൊരാളുടെ വേദനയെ ഗൗരവമായി കാണാൻ കഴിയും?

സങ്കീർത്തനം 101 :3 ൽ സങ്കീർത്തനക്കാരൻ തന്റെ കണ്ണിനു മുമ്പിൽ ദുഷ്ടകാര്യങ്ങൾ വയ്ക്കുകയില്ല എന്ന നിലപാട് പ്രകടിപ്പിക്കുന്നു. ഈ വാക്യം ആധുനിക മാധ്യമങ്ങളെ നേരിട്ട് പരാമർശിക്കുന്നില്ലെങ്കിലും, നാം മനസ്സിലേക്ക് സ്വീകരിക്കുന്ന കാര്യങ്ങളെക്കുറിച്ച് വിവേചനാബോധം പുലർത്തേണ്ടതിന്റെ ആത്മീയ പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. ഫിലിപ്പിയർ 4: 8 ൽ മാന്യവും നീതിയുക്തവും നിർമ്മലവും പ്രശംസനീയവുമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ പൗലോസ് ആഹ്വാനം ചെയ്യുന്നു. ക്രിസ്തീയ കുടുംബങ്ങൾ, മക്കൾ എന്തു കാണുന്നു എന്നതിനെക്കുറിച്ച് മാത്രമല്ല അവർ കാണുന്നതിനെ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നതിനെക്കുറിച്ചും ശ്രദ്ധിക്കണം.

കൗമാരപ്രായം മസ്തിഷ്കവികാസത്തിലെ നിർണ്ണായകമായ ഘട്ടമാണ്. വികാരങ്ങൾ, പ്രതിഫലത്തിനായുള്ള ആഗ്രഹം, സാമൂഹിക അംഗീകാരത്തിന്റെ ആവശ്യകത എന്നിവയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ ഈ പ്രായത്തിൽ സജീവമായി പ്രവർത്തിക്കുന്നു. അതേസമയം ആസൂത്രണം, തീരുമാനം എടുക്കൽ, എന്നിവയിൽ പ്രധാന പങ്കുവഹിക്കുന്നതുൾപ്പെടെയുള്ള മസ്തിഷ്ക സംവിധാനങ്ങൾ തുടർന്നും പക്വത പ്രാപിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം ഒരു വികാസഘട്ടത്തിൽ കുട്ടികളുടെ അനുഭവങ്ങളും ശീലങ്ങളും അവരുടെ പെരുമാറ്റ രീതികളെ സ്വാധീനിക്കുന്നു. എങ്കിലും നിയന്ത്രണമില്ലാതെ ഗെയിമിംഗ്, ഉറക്കം, പഠനം, കുടുംബ ബന്ധങ്ങൾ, ശാരീരിക പ്രവർത്തനങ്ങൾ, വികാര നിയന്ത്രണം എന്നിവയെ ബാധിക്കുന്നുണ്ടെങ്കിൽ അത് ഗൗരവമായി കാണണം. പ്രത്യേകിച്ച് അക്രമത്തെ മഹത്വവൽക്കരിക്കുന്ന ഉള്ളടക്കവും യഥാർത്ഥജീവിതത്തിലെ അക്രമസ്വഭാവവും ഒന്നിച്ച് കാണുമ്പോൾ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.1 കൊരിന്ത്യർ 6:12ൽ പൗലോസ് പറയുന്നു: സകലവും എനിക്ക് അനുവദനീയമാകുന്നു, എങ്കിലും ഞാൻ യാതൊന്നിനും അധീനൻ ആവുകയില്ല. ഇത് ഡിജിറ്റൽ ജീവിതത്തിലും പ്രസക്തമായ ഒരു തത്വമാണ്. സാങ്കേതിക വിദ്യ മനുഷ്യനെ നിയന്ത്രിക്കുകയല്ല. മനുഷ്യൻ വിവേകത്തോടെ ഉപയോഗിക്കുകയാണ് വേണ്ടത്. •



അജി മാത്യു, ഉഗാണ്ട

വിസ്മരിക്കപ്പെട്ട ചില ഗ്രാമപ്രദേശങ്ങൾ

(ഞാൻ കണ്ട ബീഹാർ എന്ന പരമ്പരയുടെ മൂന്നാം ഭാഗം)

'വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു.'(യോഹന്നാൻ 1:14).

മിഷന്റെ ചില പാഠങ്ങൾ:

ക്രിസ്തീയമിഷന്റെ ചരിത്രം ഒരു സഞ്ചാരത്തിന്റെ ചരിത്രമല്ല; മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്ന ദൈവത്തിന്റെ ചരിത്രമാണ്. യേശു സ്വർഗ്ഗത്തിലിരുന്നു കൊണ്ടല്ല മനുഷ്യരെ രക്ഷയിലേക്കു വിളിച്ചത്. അത്യുന്നതനായ ദൈവം പാപാന്ധകാരത്തിൽ, ഇടങ്കെ വലങ്കെ തിരിച്ചറിയാതെ, പാപത്തിന്റെ നാറ്റം വമിക്കുന്ന, കുഴഞ്ഞ ചേറ്റിൽ മുങ്ങിത്താണുകൊണ്ടിരുന്ന ജനത്തിന്റെ മധ്യത്തിലേക്ക്, പാപം നിമിത്തവും പാപജഡത്തിന്റെ സാദൃശ്യത്തിലും, മനുഷ്യജന്മമെടുത്ത് ഈ ലോകത്തിൽ വന്നു പാർത്തു. അതാണ് മിഷന്റെ അടിസ്ഥാന മാതൃക.

1998 മുതൽ ഉത്തരേന്ത്യൻ മിഷനെക്കുറിച്ചുള്ള മാസികകളും റിപ്പോർട്ടുകളും മിഷണറിമാരുടെ അനുഭവങ്ങളും വായിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി. വലിയ നഗരങ്ങളിലും ചെറിയ പട്ടണങ്ങളിലും സഭകളും പ്രവർത്തനങ്ങളും ഉണ്ടെങ്കിലും ആയിരക്കണക്കിന് ഗ്രാമങ്ങൾ ഇന്നും സുവിശേഷത്തിന്റെ വെളിച്ചം കാണാതെ അന്ധവിശ്വാസങ്ങളിലും ദുരാചാരങ്ങളിലും പ്രാകൃതവും നിരർത്ഥകവുമായ കർമ്മാനുഷ്ഠാനങ്ങളിലും തപ്പിത്തടഞ്ഞു കിടക്കുന്നു. ചില സംഘടനകൾ ഗ്രാമങ്ങളിൽ സന്ദർശനം നടത്തുമെങ്കിലും അവിടെ താമസിച്ച് പ്രവർത്തിക്കുന്നവർ വളരെ കുറവായിരുന്നു. അതിനാൽത്തന്നെ അവരുടെ ജീവിതചര്യകൾ മനസ്സിലാക്കി ഇടപഴകാനോ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വെളിച്ചം പകർന്നു കൊടുക്കാനോ, അവരായിരിക്കുന്ന അവസ്ഥയിൽ നിന്ന് വെളിച്ചത്തിലേയ്ക്കു നയിക്കാനോ കഴിയുമായിരുന്നില്ല.

അപ്പോൾ എന്റെ മനസ്സിൽ ഒരു തീരുമാനം രൂപപ്പെട്ടു. പ്രവർത്തിക്കുന്ന സ്ഥലത്തുതന്നെ താമസിക്കണം. അവിടുത്തെ ജനങ്ങളോടു അടുത്തിടപഴകി അവരിലൊരാളായി അവരുടെയിടയിൽ പാർത്ത് അവരുടെ ആവശ്യങ്ങളും ജീവിതരീതിയും മനസ്സിലാക്കി അവരോട് സ്നേഹമായും ഹൃദ്യമായും ഇടപെട്ടുകൊണ്ട് കർത്താവു കാണിച്ചുതന്ന മാതൃക അനുകരിക്കണം. അതൊരു വലിയ വഴിത്തിരിവായിരിക്കും. എതിർപ്പുകളും അവഗണനയും ഒക്കെ സഹിച്ചുകൊണ്ട്, കർത്താവു പാപികളുടെ സ്നേഹിതനായി ജീവിക്കയും ശുശ്രൂഷിക്കുകയും ചെയ്തുകാട്ടിത്തന്ന മാതൃക തന്നെയല്ലേ നാമും പ്രായോഗികതലത്തിൽ ഏറ്റെടുക്കേണ്ടത്?

ആ തീരുമാനമാണ് എന്നെ 'പൂർണിയ, കട്ടിഹാർ' അതിർത്തിയിലുള്ള 'ടിക്കാപെട്ടി' എന്ന ഗ്രാമത്തിലെത്തിച്ചത്. ഈ ഗ്രാമത്തിന്റെ ഒരു ഭാഗം 'കട്ടിഹാർ' ജില്ലയിലും മറ്റൊരു ഭാഗം 'പൂർണിയ' ജില്ലയിലുമാണ്. ടിക്കാപെട്ടി ഒരു ഉൾഗ്രാമമായിരുന്നെങ്കിലും ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അതിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. 1942ലെ 'ക്വിറ്റ് ഇന്ത്യ' പ്രക്ഷോഭസമയത്ത് മഹാത്മാഗാന്ധി ഈ

ഗ്രാമം സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി ഒരു സ്മാരകവും അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇത് എന്നെ ആഴത്തിൽ ചിന്തിപ്പിച്ചു. ഒരുകാലത്ത് സ്വാതന്ത്ര്യത്തിന്റെ സന്ദേശവുമായി ഗാന്ധിജി ഈ ഗ്രാമത്തിലെത്തി. അപ്പോഴും പാപത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകുന്ന ക്രിസ്തുവിന്റെ സുവിശേഷം അവർക്കു അജ്ഞാതമായിരുന്നു.

പതിറ്റാണ്ടുകൾക്കുശേഷം, ക്രിസ്തുവിന്റെ സുവിശേഷവുമായി ദൈവം എന്നെ അവിടേക്ക് അയച്ചു. ഭയത്തിന്റെ നിഴലിലായിരുന്ന ഒരു പ്രദേശം, അന്ധകാരത്തിൽ അമർന്നിരുന്ന അവിടത്തെ ജനതതി സത്യദൈവത്തിന്റെ വെളിച്ചം കാണുവാൻ ഒരു വഴി തുറന്നു. ടിക്കാപെട്ടിക്ക് മറ്റൊരു ചരിത്രവും ഉണ്ടായിരുന്നു. ഒരു കാലത്ത് ഈ പ്രദേശം ഗുണ്ടാസംഘങ്ങളുടെ സ്വാധീനത്തിലായിരുന്നു. സംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളും വെടിവെപ്പുകളും പതിവായിരുന്നു. ഒരു ഗുണ്ടാസംഘം തങ്ങളുടെ ശക്തി പ്രകടിപ്പിക്കാൻ ടിക്കാപെട്ടി പോലീസ് സ്റ്റേഷനിൽ കയറി, പോലീസുകാരന്റെ കൈയിൽ നിന്ന് തോക്ക് പിടിച്ചുവാങ്ങി, ഒരു പോലീസ് ഉദ്യോഗസ്ഥനെ കൊലപ്പെടുത്തുകയും സ്റ്റേഷന് തീകൊളുത്തുകയും ചെയ്ത സംഭവം ഇന്നും നാട്ടുകാർ ഓർക്കുന്നു.

ഞാൻ അവിടെ താമസിച്ചിരുന്ന കാലത്ത് മറ്റൊരു വെല്ലുവിളിയും ഉണ്ടായിരുന്നു നക്സൽ പ്രസ്ഥാനത്തിന്റെ സാന്നിധ്യം. പകൽസമയത്ത് തന്നെ നക്സൽ സംഘം മോട്ടോർസൈക്കിളുകളിൽ എത്തി മാർക്കറ്റുകൾ കൊള്ളയടിക്കുന്ന സംഭവങ്ങൾ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. അവർ പോയതിനുശേഷമാണ് പോലീസ് എത്താറുണ്ടായിരുന്നത്. പലപ്പോഴും പോലീസിനും ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഇത്തരം പശ്ചാത്തലത്തിലാണവിടെ ദൈവം എന്നെ താമസിപ്പിച്ചത്.

ഒരു ഗ്രാമത്തിന്റെ മറന്നുപോയ ഓർമ്മ:

ടിക്കാപെട്ടിയിൽ താമസിച്ചുകൊണ്ട് ദിവസവും ഞാൻ സൈക്കിളിൽ ടെൽദിഹയിലേക്കും സമീപ ഗ്രാമങ്ങളിലേക്കും യാത്ര ചെയ്തു. ഒരു ദിവസം ഏകദേശം തൊണ്ണൂറ് വയസ്സുള്ള ഒരു വയോധികനുമായി സംസാരിക്കാൻ ഇടയായി. അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും എന്റെ മനസ്സിൽ മുഴങ്ങുന്നു. 'ഞാൻ ചെറുപ്പമായിരുന്നപ്പോൾ കുതിരപ്പുറത്ത് ബ്രിട്ടീഷ് മിഷണറിമാർ ഈ ഗ്രാമത്തിൽ വന്നത് കണ്ടിട്ടുണ്ട്. അതിനുശേഷം സുവിശേഷവുമായി എന്റെ വീട്ടിൽ വന്ന ആദ്യത്തെ ക്രിസ്ത്യാനി നിങ്ങളാണ്.' ആ വാക്കുകൾ കേട്ടപ്പോൾ ഞാൻ നിശ്ശബ്ദനായി. അത് എന്നെക്കുറിച്ചുള്ള പ്രശംസയായിരുന്നില്ല. ഒരു ഗ്രാമത്തിന്റെ ആത്മീയ ചരിത്രമായിരുന്നു അത്. ഒരിക്കൽ സുവിശേഷം കേട്ട ജനത...പിന്നീട് ഒരു തലമുറയോളം വീണ്ടും ആരും എത്താത്ത ഗ്രാമം... അപ്പോൾ ഞാൻ മനസ്സിലാക്കി മിഷന്റെ വെല്ലുവിളി സുവിശേഷം കേൾക്കാത്ത ജനത മാത്രമല്ല; ഒരിക്കൽ കേട്ടിട്ട് പിന്നീട് വിസ്മരിപ്പിക്കപ്പെട്ട ജനതയുമാണ്.

ദൈവം കാത്തുസൂക്ഷിച്ച പതിനൊന്ന് വർഷങ്ങൾ:

ആ പ്രദേശത്തിന്റെ പശ്ചാത്തലം നോക്കുമ്പോൾ പലരും എന്നോട് ചോദിക്കാറുണ്ട്: 'ഭയമില്ലായിരുന്നോ?' സത്യത്തിൽ, മനുഷ്യനെന്ന നിലയിൽ ഭയപ്പെടാൻ ധാരാളം കാരണങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ഞാൻ അത്ഭുതപ്പെടുന്നത് മറ്റൊന്നിലാണ്. ബീഹാറിൽ ശുശ്രൂഷ ചെയ്ത പതിനൊന്ന് വർഷത്തിനിടയിൽ ഒരു മനുഷ്യൻ പോലും എന്നെ ഭീഷണിപ്പെടുത്തിയ അനുഭവം എനിക്കില്ല. അതിന് കാരണം എന്റെ ധൈര്യമല്ല. എന്റെ ബുദ്ധിയുമല്ല. ദൈവത്തിന്റെ അദൃശ്യകരം എന്നെ കാത്തുസൂക്ഷിച്ചതാണ്. സങ്കീർത്തനം 121:8 ൽ പറയുന്നതുപോലെ, 'യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേക്കും പരിപാലിക്കും', ആ വചനത്താൽ ഞാൻ ജീവിച്ചു.

സമാധാനത്തിന്റെ സുവിശേഷം:

ഹിംസയും ഭയവും നിറഞ്ഞിരുന്ന ഒരു പ്രദേശത്ത് ഞാൻ കണ്ട ഏറ്റവും വലിയ അത്ഭുതം, ആളുകൾ സുവിശേഷത്തോട് ഹൃദയം തുറക്കുന്നതായിരുന്നു. ഞാൻ ആയുധങ്ങളൊന്നും കൊണ്ടുപോയില്ല. ഒരു സംഘടനയുടെ പിൻബലവും ഉണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ സ്നേഹം മാത്രമാണ് കൊണ്ടുപോയത്. അതിനാലാണ് വീടുകളുടെ വാതിലുകൾ തുറന്നത്. അതാണ് ഹൃദയങ്ങൾ തുറന്നത്. അതാണ് ഗ്രാമങ്ങളെ മാറ്റിത്തുടങ്ങിയത്. യേശുവിനെ 'സമാധാനത്തിന്റെ പ്രഭു' എന്ന് വിളിക്കുന്നത് വെറുതെയല്ല. ക്രിസ്തുവിന്റെ സുവിശേഷം കടന്നുവരുന്നിടത്ത് ഭയം ക്രമേണ പ്രത്യാശയ്ക്ക് വഴിമാറുന്നു •



റിക്ക് വാറൻ

ആരോഗ്യമുള്ള സഭയുടെ ലക്ഷണം

ദൈവജനത്തിന്റെ സ്വാഭാവികമായ ആഗ്രഹമാണ് സഭ വളരണം എന്നത്. സഭ എണ്ണത്തിൽ വർദ്ധിക്കുന്നുവോ എന്നതിനേക്കാൾ പ്രധാനപ്പെട്ട ഒരു ചോദ്യം, സഭ ആരോഗ്യകരമായി വളരുന്നുണ്ടോ എന്നതാണ്. അംഗസംഖ്യ വർദ്ധിക്കുന്നതും വലിയ കെട്ടിടങ്ങളുയരുന്നതും മീറ്റിംഗുകൾ പെരുകുന്നതും മാത്രം സഭയുടെ ആത്മീയ ആരോഗ്യത്തിന്റെ തെളിവുകളല്ല. വിശ്വാസികൾ ക്രിസ്തുവിൽ പക്വത പ്രാപിക്കുന്നുണ്ടോ? ദൈവവചനം ഹൃദയത്തിൽ ആഴമായി വേരൂന്നുന്നുണ്ടോ? പരസ്പരം സ്നേഹിക്കുന്നുണ്ടോ? ശുശ്രൂഷയിൽ പങ്കാളികളാകുന്നുണ്ടോ? സുവിശേഷം മറ്റുള്ളവരിലേക്ക് എത്തിക്കുന്നുണ്ടോ? ഇവയാണ് സഭയുടെ യഥാർത്ഥ വളർച്ചയെ അളക്കേണ്ട മാനദണ്ഡങ്ങൾ.

എന്താണ് സന്തുലിതമായ സഭ?

സഭയുടെ ആരോഗ്യം പ്രധാനമായും ആത്മിക സന്തുലിതാവസ്ഥയുടെ ഫലമാണ്. പുതിയനിയമത്തിൽ സഭയെ ഭരമേല്പിച്ചിരിക്കുന്ന വിവിധ ഉത്തരവാദിത്തങ്ങൾ, ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുമ്പോഴാണ് ആരോഗ്യകരമായി സഭ വളരുന്നത്. ആരാധന, സുവിശേഷീകരണം, കൂട്ടായ്മ, ശിഷ്യത്വം, ശുശ്രൂഷ, ഈ അഞ്ചു മേഖലകളും സഭയുടെ വളർച്ചയിൽ അവിഭാജ്യഘടകങ്ങളാണ്. എന്നാൽ പലപ്പോഴും സഭ ഏതെങ്കിലുമൊരു പ്രത്യേക ഉപദേശത്തിനോ ശുശ്രൂഷയ്ക്കോ അമിതപ്രാധാന്യം നൽകാനുള്ള സാധ്യതയുണ്ട്. ചിലപ്പോൾ സഭ പ്രസംഗശുശ്രൂഷയിൽ അതീവ ശ്രദ്ധ കേന്ദ്രീകരിച്ചേക്കാം, കൂട്ടായ്മകൾക്ക് പ്രാധാന്യം നൽകാം. സുവിശേഷീകരണത്തിലോ ആരാധനയിലോ ജീവകാരുണ്യ ശുശ്രൂഷയിലോ കൂടുതൽ ഊന്നിയേക്കാം. ഇവയൊന്നും തെറ്റല്ല. ഒരു അവയവം മാത്രം ശക്തമായാൽ ശരീരം ആരോഗ്യമുള്ളതാകില്ല. അതുപോലെ ഒരു ശുശ്രൂഷ മാത്രം ശക്തമായതുകൊണ്ട് ഒരു സഭയും ആരോഗ്യകരമാകുന്നില്ല. ദൈവം സഭയ്ക്ക് നൽകിയിരിക്കുന്ന എല്ലാ ഉദ്ദേശ്യങ്ങളും പരസ്പരം പൂരിപ്പിക്കുന്ന വിധത്തിൽ പ്രവർത്തിക്കണം.

വലിപ്പത്തേക്കാൾ പ്രധാനം ആരോഗ്യം:

സഭയുടെ ലക്ഷ്യം ആളുകളെ കൂട്ടിച്ചേർക്കുന്നതിൽ അവസാനിക്കുന്നില്ല. അവരെ ക്രിസ്തുവിൽ വളർത്തുകയാണ് പ്രധാനമായും ചെയ്യേണ്ടത്. ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതോടുകൂടിയാണ് അവന്റെ ആത്മീയയാത്ര ആരംഭിക്കുന്നത്. അവൻ ദൈവകുടുംബത്തിൽ ചേർന്ന്, ദൈവവചനം പഠിച്ച്, സ്വഭാവത്തിൽ രൂപാന്തരപ്പെട്ട്, വിശ്വാസത്തിൽ പക്വത പ്രാപിച്ച്, തന്റെ ആത്മീയവരങ്ങൾ ഉപയോഗിച്ച് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവനായി വളരണം. ഒടുവിൽ, താൻ സ്വീകരിച്ച സുവിശേഷം മറ്റുള്ളവരിലേക്ക് എത്തിക്കുന്ന ദൗത്യബോധമുള്ള ശിഷ്യനായി മാറുകയും വേണം. അതുകൊണ്ട് സഭയുടെ ആരോഗ്യം അളക്കേണ്ടത് എത്രപേർ ഞായറാഴ്ച മീറ്റിംഗിന് എത്തുന്നു എന്നതിലല്ല. എത്രപേർ ആത്മീയമായി

വളരുന്നു? എത്രപേർ ശുശ്രൂഷയിൽ പങ്കാളികളാകുന്നു? എത്രപേർ മറ്റുള്ളവരെ ശിഷ്യരാക്കുന്നു? എത്രപേർ സുവിശേഷം പങ്കുവയ്ക്കുന്നു? എത്രപേർ തങ്ങളുടെ ആത്മീയ വരങ്ങൾ ദൈവരാജ്യത്തിനായി ഉപയോഗിക്കുന്നു? ഇത്തരം ചോദ്യങ്ങളാണ് സഭയുടെ യഥാർത്ഥ അവസ്ഥയെ കൂടുതൽ വ്യക്തമായി വെളിപ്പെടുത്തുന്നത്. സുവിശേഷം പ്രഖ്യാപിക്കുന്ന സഭയിലേക്ക് തകർന്നവരും മുറിവേറ്റവരും സംശയങ്ങളുമായി പോരാടുന്നവരും പാപത്തിന്റെ ബന്ധനങ്ങളിൽ കഴിയുന്നവരും പ്രത്യാശ നഷ്ടപ്പെട്ടവരും എത്തിച്ചേരും. അതിൽ അതിശയിക്കേണ്ടതില്ല. ആശുപത്രിയിലേക്ക് രോഗികളാണ് വരുന്നത്. അതുപോലെ, ആത്മീയ സൗഖ്യം ആവശ്യമുള്ളവർ സഭയിലേക്ക് വരുന്നതും സ്വാഭാവികമാണ്.

പ്രശ്നങ്ങളുള്ള ആളുകൾ സഭയിൽ ഉണ്ടെന്നത് സഭ അനാരോഗ്യകരമാണെന്നതിന്റെ തെളിവല്ല. മറിച്ച്, തകർന്നവരെ സ്വീകരിക്കുകയും ക്രിസ്തുവിലേക്കു നയിക്കുകയും സത്യത്തിൽ വളർത്തുകയും ചെയ്യുന്നതാണ് സഭയുടെ ആരോഗ്യത്തിന്റെ ഒരു പ്രധാന അടയാളം. യേശു, കളകളുടെയും ഗോതമ്പിന്റെയും ഉപമയിലൂടെ ഈ യാഥാർഥ്യം ഓർമ്മിപ്പിച്ചു. കൊയ്ത്തുവരെ ഒരുമിച്ചു വളരട്ടെ, എന്നു കർത്താവ് പറഞ്ഞു (മത്തായി 13:29,30). ഭൂമിയിലെ സഭ ഒരിക്കലും പൂർണ്ണരായ മനുഷ്യരുടെ സമൂഹമായിരിക്കില്ല. പക്വതയുള്ളവരോടൊപ്പം വളർച്ചയുടെ തുടക്കത്തിലുള്ളവരും, വിശ്വാസത്തിൽ ശക്തരായവരോടൊപ്പം തളർന്നുപോകുന്നവരും അവിടെ ഉണ്ടായിരിക്കും. അതുകൊണ്ട് സഭയുടെ വിളി മനുഷ്യരെ നിരന്തരം അളന്ന് ആരാണ് യോഗ്യൻ, അയോഗ്യൻ എന്ന് വിധിക്കുന്നതല്ല, ക്രിസ്തുവിന്റെ കൃപയിലേക്ക് മനുഷ്യരെ ക്ഷണിക്കുകയും സത്യത്തിൽ വളരുവാൻ സഹായിക്കയുമാണ്.

മുറിവേറ്റവർക്കും സഭയിൽ ഇടമുണ്ട്:

ഇന്നത്തെ ലോകത്ത് ഏകാന്തത, കുടുംബസംഘർഷങ്ങൾ, ലഹരി, കുറ്റബോധം, നിരാശ, ബന്ധങ്ങളുടെ തകർച്ച, ആശയക്കുഴപ്പം തുടങ്ങിയ വയിലൂടെ കടന്നുപോകുന്ന അനേകരുണ്ട്. അവർക്ക് ഒരു കൂടിവരവ് മാത്രം മതിയാകില്ല. അവരെ സ്നേഹിക്കുന്ന ഒരു സമൂഹവും, സത്യത്തിൽ നയിക്കുന്ന ഒരു സഭയും, ക്രിസ്തുവിൽ പ്രത്യാശ പകരുന്ന ഒരു ആത്മീയ കുടുംബവും ആവശ്യമാണ്. അതിനാൽ തകർന്ന ജീവിതങ്ങളുടെ പുനഃസ്ഥാപനവും സഭയുടെ ശുശ്രൂഷയുടെ ഭാഗമായിരിക്കണം. പ്രാർത്ഥന, ദൈവവചനം, ശിഷ്യത്വം, ഉത്തരവാദിത്തബോധം എന്നിവയിലൂടെ സഭയ്ക്ക് മനുഷ്യജീവിതത്തിൽ ആഴത്തിലുള്ള മാറ്റം വരുത്താൻ കഴിയും. ആരോഗ്യകരമായ സഭ സ്വാഭാവികമായി വളരും. ഒരു കുഞ്ഞിനോട് വളരുക എന്ന് ദിവസവും കൽപ്പിച്ചുകൊണ്ടല്ല അവനെ വളർത്തുന്നത്. ആവശ്യമായ പോഷണം, സംരക്ഷണം, സ്നേഹം, പരിചരണം എന്നിവ ലഭിക്കുമ്പോൾ വളർച്ച സ്വാഭാവികമായി സംഭവിക്കുന്നു. സഭയിലും ഇതേ തത്വം ബാധകമാണ്.

ദൈവവചനത്തിൽ ആഴപ്പെടാനും പ്രാർത്ഥനയിൽ വളരാനും പരസ്പരം സ്നേഹിക്കുവാനും സുവിശേഷം പങ്കുവയ്ക്കുവാനും മറ്റുള്ളവരെ ശുശ്രൂഷിക്കുവാനും സഹായിക്കുവാനും വിശ്വാസികൾക്ക് അവസരം ലഭിക്കുന്ന ഒരു ആരോഗ്യകരമായ ആത്മീയ അന്തരീക്ഷം സഭയിലുണ്ടായിരിക്കണം. ദൈവം തന്റെ സമയത്ത് വളർച്ച നൽകും. അതുകൊണ്ട് സഭയുടെ ലക്ഷ്യം ക്രിസ്തുവിൽ തികഞ്ഞവരാകണം എന്നായിരിക്കണം. ആരാധനയും സുവിശേഷീകരണവും കൂട്ടായ്മയും ശിഷ്യത്വവും ശുശ്രൂഷയും പരസ്പരം കൈകോർക്കുമ്പോൾ സഭയിൽ ആത്മീയജീവൻ പുഷ്ടിപ്പെടുന്നു. വിശ്വാസികൾ സഭയിൽ എത്തുന്നവരായി മാത്രം തുടരാതെ, ക്രിസ്തുവിൽ വളർന്ന്, മറ്റുള്ളവരെ ശുശ്രൂഷിച്ച്, സുവിശേഷം പ്രഘോഷിക്കുന്ന ശിഷ്യന്മാരായി മാറുന്നു. വലിയ സഭയായിരിക്കുക വിജയത്തിന്റെ ഉറപ്പല്ല; ചെറിയ സഭയായിരിക്കുക പരാജയത്തിന്റെ അടയാളവുമല്ല. എന്നാൽ ആരോഗ്യകരമായിരിക്കുക അതാണു സഭയുടെ യഥാർത്ഥ സമ്പത്ത്. അതിനാൽ എങ്ങനെ സഭയെ വലുതാക്കാം എന്ന ചോദ്യത്തോടൊപ്പം, അതിലും ആഴമുള്ള മറ്റൊരു ചോദ്യം നമുക്ക് ചോദിക്കാം: എങ്ങനെ സഭയെ ക്രിസ്തുവിൽ തികഞ്ഞവരാക്കാം? കാരണം ആരോഗ്യമുള്ള സഭയിൽ ക്രിസ്തുവിനെ കേന്ദ്രീകരിച്ച്, വിശ്വാസവും സ്നേഹവും ശിഷ്യത്വവും ശുശ്രൂഷയും സാക്ഷ്യവും വളരും. അത്തരം ഒരു സഭയെ ദൈവം തന്റെ ദൗത്യത്തിനായി ശക്തമായി ഉപയോഗിക്കും. സഭയുടെ യഥാർത്ഥ മഹത്വം വലിപ്പത്തിലല്ല, ക്രിസ്തുവിലുള്ള ആഴത്തിലും, ലോകത്തിലുള്ള സാക്ഷ്യത്തിലും, ദൈവത്തോടുള്ള വിശ്വസ്തതയിലുമാണ്. •



എൽസി ജോയ്



ഊഷ്മളമായ ദൈവികസംസർഗ്ഗം

വിജയകരമായ ജീവിതത്തിന് പ്രാർത്ഥന അത്യന്താപേക്ഷിതമാണെന്ന് അറിയാത്തവർ ആരുമില്ല. എന്നാൽ വേണ്ടുംപോലെ പ്രാർത്ഥിക്കുവാൻ കഴിയാതെ പോകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പ്രാർത്ഥനയ്ക്ക് കൂടുതൽ അവസരം ലഭിക്കുന്നവരാണ് സഹോദരിമാർ. അവസരങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിച്ചാൽ നമുക്ക് വലിയ അനുഗ്രഹമാകുവാൻ കഴിയും. നമ്മുടെ കുടുംബവും, നാം ഉൾപ്പെട്ടിരിക്കുന്ന സഭയും, ബന്ധുമിത്രാദികളും എല്ലാവരും അനുഗ്രഹിക്കപ്പെടുവാൻ പ്രാർത്ഥന ഒരു മുഖാന്തരം ആകും. 'പ്രാർത്ഥന എന്തല്ല', 'പ്രാർത്ഥന എന്താണ്' എന്ന അറിവ് ഫലകരമായ പ്രാർത്ഥനയ്ക്ക് ഏറ്റവും അത്യാവശ്യമാണ്.

പ്രാർത്ഥന ഒരു ആചാരമോ അനുഷ്ഠാനമോ അല്ല: ക്രിസ്തീയത ഒരു മതമല്ല, മറിച്ച് ഏകരക്ഷകനായ ക്രിസ്തുവിലൂടെ ദൈവത്തോടുള്ള ആത്മബന്ധമാണ്. ഈ അടിസ്ഥാനപരമായ സത്യം നാം ഉൾക്കൊള്ളുമ്പോഴാണ് നമുക്ക് ആത്മീയതയുടെ യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിയുന്നത്. പഴയനിയമത്തിൽ ഭക്തന്മാർ പതിവായി മൂന്നുപ്രാവശ്യം, ഏഴ് പ്രാവശ്യം ഒക്കെ ദിനംതോറും പ്രാർത്ഥിച്ചു എന്ന് കാണുന്നു. അത് അവരുടെ വ്യക്തിപരമായ തീരുമാനവും അനുഭവവുമാണ്. ഇത്ര പ്രാവശ്യം പ്രാർത്ഥിക്കണം എന്നൊരു നിയമം വിശുദ്ധ വേദപുസ്തകത്തിൽ ഇല്ല. പുതിയനിയമത്തിൽ 'ഇടവിടാതെ പ്രാർത്ഥിക്കുക', 'എപ്പോഴും ആത്മാവിൽ പ്രാർത്ഥിക്കുക', 'ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പീൻ' എന്നൊക്കെയാണ് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത്. ക്രിസ്തീയതയെ ഒരു മതമെന്ന് തെറ്റിദ്ധരിച്ച് പ്രാർത്ഥന ഒരു ആചാരവും അനുഷ്ഠാനവുമാക്കി മാറ്റുന്നത് തിരുവചന വെളിച്ചത്തിൽ ശരിയല്ല.

ഒരു ചടങ്ങോ ഔപചാരികതയോ അല്ല: എല്ലാറ്റിലും ദൈവത്തെ ഓർക്കുകയും ദൈവത്തിന്റെ സാന്നിധ്യവും അനുഗ്രഹവും അപേക്ഷിക്കുകയും ചെയ്യുവാൻ ആണ് നാം പ്രാർത്ഥിക്കുന്നത്. ഭൗതികമായ ഏതു കാര്യവും പ്രാർത്ഥിച്ചാരംഭിക്കുന്നത് ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആഗ്രഹിച്ചു കൊണ്ടാണ്. അത് പലപ്പോഴും ചടങ്ങായും ഔപചാരികതയായും തീർന്നിട്ടുണ്ട് എന്നത് വാസ്തവം അല്ലെ? ഒരു ചടങ്ങ് എന്ന നിലയിൽ നിസംഗതയോടെ പ്രാർത്ഥനയിൽ സംബന്ധിക്കുന്നവർക്ക് ദൈവവുമായി ഒരു ബന്ധം അനുഭവപ്പെടുന്നില്ല. പ്രാർത്ഥനായോഗങ്ങളും സഭായോഗങ്ങളും എല്ലാം ആ നിലവാരത്തിൽ താണുപോകുന്നു എങ്കിൽ നമുക്ക് ഓരോരുത്തർക്കും അതിൽ പങ്കില്ലേ? സഹോദ

രിമാരായ നമുക്ക് ഇതിൽ പങ്കില്ല എന്നുപറഞ്ഞ് ഒഴിയുവാൻ കഴിയുമോ? പ്രാർത്ഥനയുടെ യഥാർത്ഥവശം മനസ്സിലാക്കി പ്രാർത്ഥിക്കുകയും, നമ്മുടെ മക്കളെ അങ്ങനെ പരിശീലിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തം അല്ലേ? ആത്മീയത എന്തെന്ന് മനസ്സിലാക്കാത്ത തലമുറകൾ വളരുമ്പോൾ അവർക്ക് എല്ലാം ഒരു ചടങ്ങായി മാറുമല്ലോ.

കാര്യസാധ്യത്തിന് വേണ്ടി കഴിക്കുന്ന ഒരു നേർച്ചയല്ല: 'ഈ കാര്യം സാധിക്കുന്നതിന് ഞാൻ ഇത്ര ദിവസം തുടർച്ചയായി, ഇത്ര സമയം പ്രാർത്ഥിക്കും,ഇത്ര ദിവസം ഉപവസിക്കും'... എന്നൊക്കെ നേർച്ച നേരുന്നവരുണ്ട്. കാര്യസാധ്യത്തിനായുള്ള ഒരു ഉപാധിയായി അവർ പ്രാർത്ഥനയെ കാണുന്നു.നാം ഇതിൽ ജാഗ്രത പുലർത്തണം. കാര്യസാധ്യത്തിനായി പ്രാർത്ഥിക്കുന്നവർ ദൈവസ്നേഹത്തിലാണോ അങ്ങനെ ചെയ്യുന്നത് എന്ന് ചിന്തിക്കണം.ഉദാഹരണത്തിന് ഒരു ഭിക്ഷക്കാരൻ കാര്യസാധ്യത്തിനായി ഏറ്റവും എളിമപ്പെട്ടു യാചിക്കുകയും, കിട്ടിക്കഴിഞ്ഞാൽ നന്ദിപോലും പറയാതെ സ്ഥലം വിടുകയും, ഒന്നും കിട്ടിയില്ല എങ്കിൽ ദുഷിച്ചിട്ട് പോവുകയും ചെയ്യും. ദൈവത്തോടുള്ള നമ്മുടെ ബന്ധം അങ്ങനെ അല്ലല്ലോ. ദൈവം നമ്മുടെ പിതാവ് അല്ലേ? നാം അനുഭവിക്കുന്നത് എല്ലാം അവിടുത്തെ ദാനങ്ങൾ അല്ലേ? ആ നന്ദിയും സ്നേഹവും, ദൈവം നമ്മുടെ വാത്സല്യപിതാവാണ് എന്ന തിരിച്ചറിവും അല്ലേ നമ്മെ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കേണ്ടത്?

മനുഷ്യർക്ക് വിളങ്ങേണ്ടതിനല്ല: പലർക്കും വ്യക്തിപരമായ പ്രാർത്ഥനാനുഭവം, അതായത് തനിയെ ദൈവസന്നിധിയിൽ രഹസ്യമായി പ്രാർത്ഥിക്കുന്ന അനുഭവം ഇല്ല. പ്രാർത്ഥനായോഗങ്ങളിൽ മനുഷ്യരെ ബോധ്യപ്പെടുത്തുവാൻ സംബന്ധിക്കുന്നു. ചിലപ്പോൾ ചടങ്ങായി കുടുംബപ്രാർത്ഥനയും നാമമാത്രമായി നടത്തി എന്നിരിക്കാം. ആത്മാർത്ഥതയോടെ അത് ചെയ്യുന്നവർ ഉണ്ട്. അവരെ ദൈവം അറിയുന്നു. എന്നാൽ വ്യക്തിപരമായി തനിയെ ദൈവസന്നിധിയിൽ ഹൃദയം തുറന്നു പ്രാർത്ഥിക്കുന്ന അനുഭവം പലർക്കും ഇല്ല.

ജല്പനം ആകരുത്: മന്ത്രം ചൊല്ലുന്നതുപോലെ ആവർത്തിച്ച് ഒരു കാര്യം പ്രാർത്ഥിച്ചാൽ അതിനെയാണ് ജല്പനം എന്ന് ഉദ്ദേശിക്കുന്നത്. ഹൃദയനുറുക്കത്തോടെ തിരുസന്നിധിയിൽ ഹൃദയം പകരുന്ന പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നത്. അല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ല. ദൈവം അധരങ്ങളുടെ വാക്കുകളേക്കാൾ അധികം ശ്രദ്ധിക്കുന്നത് ഹൃദയവിചാരങ്ങളെ ആണല്ലോ.

യഥാർത്ഥ പ്രാർത്ഥന സ്വർഗ്ഗീയ പിതാവിനോടുള്ള ഹൃദ്യമായ സംഭാഷണമാണ്: നാം തിരിച്ചറിയേണ്ടതും അനുഭവമാക്കേണ്ടതും ആയ ഏറ്റവും വലിയ ഒരു സത്യം ആണിത്. പ്രാർത്ഥനയ്ക്ക് ഒരു രഹസ്യസ്വഭാവം ഉണ്ട്. സ്വർഗ്ഗീയ പിതാവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലാണ് പ്രാർത്ഥന അധിഷ്ഠിതമായിരിക്കുന്നത്. മക്കളും പിതാവും തമ്മിലുള്ള സംഭാഷണം അവരുടെ ബന്ധത്തിന്റെ അടിത്തറയല്ലേ? സംസാരം ആനന്ദകരമാകുന്നത് ബന്ധം ഊഷ്മളമായിരിക്കുമ്പോഴാണ്. സ്വർഗ്ഗീയ പിതാവിനോട് ദൃഢമായ ആത്മബന്ധം ഉള്ളവർക്ക് പ്രാർത്ഥന ആനന്ദകരമായ അനുഭവം ആണ്. അവരെ ആരും നിർബന്ധിക്കേണ്ടതില്ല. അവർക്ക് സ്വർഗ്ഗീയ പിതാവിനോട് സംസാരിക്കാതിരിക്കുവാൻ കഴിയുകയില്ല. അവർക്ക് ഇടവിടാതെയുള്ള പ്രാർത്ഥന ഒരു അനുഭവമാണ്. കർത്താവ് നമുക്ക് നൽകിയ കൽപ്പന ഇതാണ്, 'നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും' (മത്തായി 6: 6).

പ്രാർത്ഥന ദൈവാശ്രയത്തിൽ മാത്രമായിരിക്കണം: നമ്മുടെ സ്വർഗ്ഗീയ പിതാവിനെ പിരിഞ്ഞ് നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്നും സ്വർഗ്ഗീയ പിതാവിനെ മഹത്വപ്പെടുത്താതെല്ലാം വ്യർത്ഥ പ്രവൃത്തികളാണെന്നും തിരിച്ചറിയുന്നതാണ് പ്രാർത്ഥനയ്ക്ക് പ്രേരകമാകുന്നത്. മാൻ നീർത്തോടിനായി ദാഹിക്കുന്നതുപോലെയും, വെള്ളമില്ലാത്ത ദേശത്ത് വെള്ളത്തിനായി ദാഹിക്കുന്നതു പോലെയും ഭക്തർ ദൈവത്തിനായി ദാഹിച്ചത് അതുകൊണ്ടാണ്. 'നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അത് നിങ്ങൾക്ക് കിട്ടും (യോഹന്നാൻ 15: 7). കാരണം, 'നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു'. വചനം ഉള്ളിൽ വസിക്കുന്ന ഒരു വ്യക്തി ദൈവഹിതമല്ലാത്തതൊന്നും പ്രാർത്ഥിക്കുകയില്ലല്ലോ. യഥാർത്ഥ പ്രാർത്ഥനാനുഭവം ഉള്ളവർക്ക് കർത്താവിന്റെ മഹത്വത്തിനായി

പ്രയോജനപ്പെടുവാനുള്ള സാധ്യത വളരെ വലുതാണ്. 'അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക' (എബ്രായർ 4:16).

ആത്മമനുഷ്യന്റെ പ്രാണവായുവാണ് പ്രാർത്ഥന: ആരോഗ്യമുള്ള ആത്മികജീവിതം പ്രാർത്ഥനയിലധിഷ്ഠിതമാണ്. പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതും പോരാട്ടങ്ങളെ ജയിക്കുന്നതും പ്രാർത്ഥനയാലാണ്. അതുകൊണ്ട് ഇടവിടാതെ ശ്വസിക്കുന്നതുപോലെ നാം 'ഇടവിടാതെ പ്രാർത്ഥിക്കണം' (1 തെസ്സലോനിക്കർ 5:17). ശ്വാസോച്ഛ്വാസത്തിൽ പ്രാണവായു ആയ ഓക്സിജൻ നാം സ്വീകരിക്കുകയും മരണത്തിന് കാരണമാകാവുന്ന കാർബൺഡയോക്സൈഡ് പുറന്തള്ളുകയും ചെയ്യുന്നതുപോലെ പ്രാർത്ഥനയിൽ സംഭവിക്കണം. ദൈവത്തിന്റെ കൃപയും സമാധാനവും ശക്തിയും നാം ഉള്ളിലേക്ക്, അകത്തെ മനുഷ്യനിലേക്ക് വലിച്ചെടുക്കുന്നത് പ്രാർത്ഥനയിലൂടെ ആണ്. അതുപോലെ ദോഷകരമായിരിക്കുന്ന ഭാരങ്ങൾ, ചിന്താകുലങ്ങൾ, ഭയം, ഉത്കണ്ഠ, മറ്റുള്ളവരോടുള്ള കൈപ്പ്, വിദ്വേഷം തുടങ്ങി... എല്ലാം നാം പുറന്തള്ളുന്നു.

വചനം നമ്മെ പ്രബോധിപ്പിക്കുന്നു: 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിനും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കുക അത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും' (ഫിലിപ്പിയർ 4:6,7).

ആകയാൽ സഹോദരിമാരെ, നാം വീട്ടിൽ ജോലി ചെയ്യുമ്പോഴും യാത്ര ചെയ്യുമ്പോഴും എല്ലാ സാഹചര്യങ്ങളിലും നമ്മുടെ ഹൃദയം ദൈവ സന്നിധിയിൽ പകർന്ന്, ശ്വസനപ്രക്രിയ പോലെ ഇടവിടാതെ, മടുത്തു പോകാതെ, പ്രാർത്ഥനയിൽ ജാഗരിക്കുവാൻ ദൈവം സഹായിക്കട്ടെ. •

പ്രാർത്ഥനയുടെ വ്യത്യസ്ത മറുപടികൾ

പ്രാർത്ഥന യഥാർഥത്തിൽ ഫലപ്രദമാണോ എന്ന് നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാൻ വൈകുമ്പോൾ നിരാശയും സംശയവും മനസ്സിൽ കടന്നുകൂടിയേക്കാം. നമ്മുടെ ജീവിതസാഹചര്യങ്ങളെ നാം കാണുന്നതിനെക്കാൾ വ്യക്തമായും വിശാലമായും ദൈവം കാണുന്നു. അവിടുന്ന് നമ്മുടെ ഭാവി അറിയുന്നു. നമുക്ക് നല്ലതെന്നു തോന്നുന്ന കാര്യങ്ങൾ എല്ലായ്പ്പോഴും നമ്മുടെ നന്മയ്ക്കു സഹായകമാകണമെന്നില്ല. അതിനാൽ നാം ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്നതിലല്ല, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതത്തിൽ വിശ്വസിക്കുന്നതിലാണ് യഥാർഥ വിശ്വാസത്തിന്റെ പക്വത പ്രകടമാകുന്നത്. പ്രാർത്ഥിക്കുന്നു എന്നതുകൊണ്ട് നാം ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുമെന്ന് അർഥമില്ല. സ്നേഹമുള്ള മാതാപിതാക്കൾ മക്കൾ ചോദിക്കുന്നതെല്ലാം നൽകാത്തതുപോലെ, നമ്മുടെ നന്മയ്ക്കായി ദൈവവും ചില അപേക്ഷകൾക്ക് നാം പ്രതീക്ഷിക്കുന്ന രീതിയിൽ ഉത്തരം നൽകണമെന്നില്ല. ചിലപ്പോൾ ദൈവം നമ്മുടെ അപേക്ഷ അനുവദിക്കുന്നു, ചിലപ്പോൾ മറ്റൊരു വഴി തുറക്കുന്നു, മറ്റുചിലപ്പോൾ കാത്തിരിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ദോഷഫലം ഉളവാക്കുന്ന പ്രാർത്ഥനാവിഷയങ്ങൾക്കു 'നോ' എന്നായിരിക്കും മറുപടി. അവിടുത്തെ മൗനത്തെ അവഗണനയായും, മറുപടി താമസിക്കുന്നു എങ്കിൽ നിരസിക്കലായും നാം തെറ്റിദ്ധരിക്കരുത്. നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റപ്പെടുന്നതിനെക്കാൾ പ്രധാനമാണ് ദൈവഹിതം നമ്മുടെ ജീവിതത്തിൽ നിറവേറുന്നത്. ഗത്സമന തോട്ടത്തിൽ യേശു നടത്തിയ പ്രാർത്ഥന ഇതിന് ഉത്തമമാതൃകയാണ്. കഷ്ടതയുടെ പാനപാത്രം നീങ്ങിപ്പോകണമെന്ന് അപേക്ഷിച്ചെങ്കിലും, തന്റെ ഇഷ്ടത്തെക്കാൾ പിതാവിന്റെ ഇഷ്ടത്തിനാണ് യേശു പ്രാധാന്യം നൽകിയത്. നാമും പ്രാർത്ഥിക്കുമ്പോൾ സ്വന്തഹിതത്തിനല്ല, ദൈവഹിതത്തിനു മുൻതൂക്കം കൊടുക്കണം പ്രാർത്ഥനയുടെ യഥാർഥ ആത്മാവ് ഇതാണ്.



മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

യൂദായുടെ തെറ്റായ ദൗത്യം

അന്ന് പന്തിരുവരിൽ ഒരുത്തനായ യൂദാ ഈസ്കര്യോത്താവ് മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു: നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചുതരാം എന്നു പറഞ്ഞു: അവർ അവനു മുപ്പതു വെള്ളിക്കാശു തൂക്കിക്കൊടുത്തു. അന്നുമുതൽ അവനെ കാണിച്ചുകൊടുപ്പാൻ അവൻ തക്കം അന്വേഷിച്ചുപോന്നു (മത്തായി 26:14-16)

യൂദായെ യേശുകർത്താവ്, ശരിയായതും ഏറ്റവും മാന്യവുമായ ദൗത്യത്തിനുവേണ്ടി തെരഞ്ഞെടുത്തു. യേശുക്രിസ്തുവിന്റെ 12 അപ്പൊസ്തലന്മാരിൽ ഒരുവൻ ആയിരുന്നുവല്ലോ യൂദാ (ലൂക്കോസ് 6: 12). പുതിയ യെരുശലേം നഗരമതിലിന്റെ 12 അടിസ്ഥാനത്തിൽ യൂദായുടെ പേരും ഉണ്ടാകുമായിരുന്നു. അത്ര ശ്രേഷ്ഠമായ പദവിയിൽ തിരഞ്ഞെടുക്കപ്പെട്ടവൻ! എന്നാൽ ഏശാവിനെപ്പോലെ യൂദായും അഭക്തനായി, ദാനമായി ലഭിച്ച ഉന്നതപദവിയെ കൈവിട്ടുകളഞ്ഞു. അവൻ തെറ്റായ ദൗത്യം ഏറ്റെടുത്തു, ശാപഗ്രസ്തനായിത്തീർന്നു. എത്ര കഷ്ടം!

പന്തിരുവരിൽ ഒരുവനായ യൂദാ ഈസ്കര്യോത്താവ് എന്നു രേഖപ്പെടുത്തുന്നത് യേശുവിനെ ഒറ്റിക്കൊടുത്തവനെ വ്യക്തമായി ചൂണ്ടിക്കാണിക്കുവാൻ ആണ്. എങ്കിലും യൂദായുടെ വീഴ്ചയുടെ വലിപ്പം കൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നില്ലേ? എത്ര ഉന്നത പദവിയിൽ നിന്നാണ് അവൻ വീണുപോയത്. ഇത് നമുക്ക് ഒരു മുന്നറിയിപ്പാണ്. 'ഞെളിയാതെ ഭയപ്പെടുക, സ്വാഭാവികകൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കാം' (റോമർ 11 :20) എന്ന പ്രബോധനം നാം മറക്കുവാൻ പാടില്ല.

യൂദാ, പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനായി തെരഞ്ഞെടുക്കപ്പെട്ടവനും കർത്താവിന്റെ പരസ്യശുശ്രൂഷയിൽ മുഴുവൻ സമയ പങ്കാളിയും ആയിരുന്നു. 'അനന്തരം അവൻ തന്റെ 12 ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ വ്യാധിയും സൗഖ്യമാക്കുവാനും അവർക്ക് അധികാരം കൊടുത്തു' (മത്തായി 10: 1). ഇവരിൽ ഒരുവൻ ആയിരുന്നു യൂദാ ഈസ്കര്യോത്താവ്, അശുദ്ധാത്മാക്കളെ പുറത്താക്കുവാനും രോഗികളെ സുഖപ്പെടുത്തുവാനും അധികാരം ലഭിച്ചവൻ, പിശാചിന്റെ കളിപ്പാവയായി മാറിപ്പോയല്ലോ! എന്തായിരുന്നു അതിന് കാരണം? യൂദായുടെ ഉള്ളിൽ വളർന്നുവന്ന ദ്രവ്യാഗ്രഹം!

ഏതായാലും ദ്രവ്യാഗ്രഹം അവനെ ഒരു മോഷ്ടാവാക്കി. യോഹന്നാൻ അത് രേഖപ്പെടുത്തുന്നു. 'പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടത് എടുത്തുവന്നതുകൊണ്ട്' (യോഹന്നാൻ 12: 6). അവൻ വീടുകൾ തുരന്നു മോഷ്ടിച്ചില്ല,

പോക്കറ്റടിച്ചില്ല, ആളുകളെ കൊള്ളയടിച്ചില്ല. പക്ഷേ അവൻ മോഷ്ടാവായിരുന്നു. കർത്താവിന്റെ പണസഞ്ചിയിൽ നിന്നും അവൻ മോഷ്ടിച്ചു. വിശ്വസ്തനെന്ന് എണ്ണി കർത്താവ് അവനെ പണസഞ്ചി ഏൽപ്പിച്ചതാണ്. കാവൽക്കാരൻ കള്ളനായ സ്ഥിതി! പഴയനിയമത്തിലെ ഗേഹസിയുടെ ആത്മാവ് ഇവിടെ യൂദായിലും... ഇവിടെ ഇന്നും എത്ര അധികം ആളുകൾ ഇങ്ങനെ വെട്ടിപ്പ് നടത്തി മാന്യരായി ജീവിക്കുന്നു. സുവിശേഷവേലയും ആതുരസേവനവും ഒക്കെ ബിസിനസ് ആക്കി മാറ്റുന്നവർ എത്ര അധികം. യൂദായുടെ വിഷയത്തിൽ കർത്താവ് മൗനമായിരുന്നതുപോലെ കർത്താവ് ഇന്നും മൗനമായിരിക്കുന്നു. പക്ഷേ, വലിയ വിപത്താണ് അവരെ കാത്തിരിക്കുന്നത്. ഓരോരുത്തരും അവരവരുടെ ജീവിതവും പ്രവർത്തനവും വിലയിരുത്തി സ്വയം ശോധന ചെയ്ത് മാനസാന്തരപ്പെട്ടാൽ ഏറ്റവും നല്ലത്.

ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ പന്തിയിൽ ഇരുന്ന യേശുവിന്റെ തലയിൽ പരിമള തൈലം ഒഴിച്ച സ്ത്രീയുടെ പ്രവൃത്തിയെ യൂദാ വിമർശിച്ചു. കാരണം 300 വെള്ളിക്കാശ് വെറുതെ കളഞ്ഞ ബുദ്ധികേട് എന്നാണ് യൂദാ അടക്കം പറഞ്ഞത്. ആ പണം അവന്റെ പണസഞ്ചിയിൽ എത്താതിരുന്നതായിരുന്നു അവന്റെ സങ്കടം. പക്ഷേ യേശുകർത്താവ് ആ സ്ത്രീയെ പ്രശംസിക്കുകയാണ് ചെയ്തത്. യൂദായ്ക്കു യേശുവിനോട് അത് പകയായിത്തീർന്നു എന്നുവേണം കരുതാൻ. തുടർന്ന് അവൻ മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്ന് നിങ്ങൾ എന്തു തരും, ഞാൻ യേശുവിനെ കാണിച്ചുതരാം എന്ന് പറഞ്ഞു. നോക്കൂ, 'ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ, ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടകന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു (1 തിമോഥെയോസ് 6 :10) ഇത് എത്ര വാസ്തവമാണ്. ഇത് നമുക്കുള്ള ബുദ്ധി ഉപദേശം കൂടിയാണ്.

യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായവൻ, ഇതാ പിശാചിന്റെ ഏജന്റായി മാറിയിരിക്കുന്നു. ഉള്ളിൽ വളർന്ന ദ്രവ്യാഗ്രഹത്തെക്കുറിച്ച് പശ്ചാത്തപിച്ച് അതിനെ പുറത്താക്കിക്കളയാതിരുന്നതിന്റെ പരിണതഫലം. മറ്റുള്ള അപ്പൊസ്തലന്മാരും ബലഹീന മനുഷ്യരായിരുന്നു. എന്നാൽ ദ്രവ്യാഗ്രഹികൾ ആയിരുന്നില്ല. രണ്ട് യജമാനന്മാരെ സേവി

കാവൽക്കാരൻ കള്ളനായ സ്ഥിതി! പഴയനിയമത്തിലെ ഗേഹസിയുടെ ആത്മാവ് ഇവിടെ യൂദായിലും... ഇവിടെ ഇന്നും എത്ര അധികം ആളുകൾ ഇങ്ങനെ വെട്ടിപ്പ് നടത്തി മാന്യരായി ജീവിക്കുന്നു.

പ്പാൻ ആർക്കും കഴിയുകയില്ല, അങ്ങനെ ചെയ്താൽ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞത് അതുപോലെതന്നെ യൂദായിൽ സംഭവിച്ചു. യേശുവിനും അതോടൊപ്പം ധനത്തിനും ഹൃദയത്തിൽ സ്ഥാനം കൊടുത്തുതുടങ്ങിയ യൂദാ ഒടുവിൽ യേശുവിനെ 30 വെള്ളിക്കാശിനു ഒറ്റിക്കൊടുക്കുന്ന വഞ്ചകനായി. ഇതെല്ലാം നമ്മോടുള്ള ബുദ്ധി ഉപദേശങ്ങൾ അല്ലേ? മറ്റ് അപ്പൊസ്തലന്മാർ യേശുവിനു മാത്രം ഹൃദയത്തിൽ ഇടം കൊടുത്തതുകൊണ്ട് അനുഗ്രഹീതർ ആയിത്തീർന്നു. സകലവും വിട്ട് യേശുവിനെ അനുഗമിച്ച ഭാഗ്യശാലികൾ!

മഹാപുരോഹിതന്മാരുമായി വഞ്ചനയുടെ കരാറൊപ്പിട്ട്, 30 വെള്ളിക്കാശ് പ്രതിഫലം പറ്റിയ യൂദാ, അന്നുമുതൽ യേശുവിനെ കാണിച്ചുകൊടുക്കാൻ തക്കം അന്വേഷിച്ചു പോന്നു. ആത്മീയ ലോകത്തിലും ഇന്നും ഇതുപോലുള്ള ഗൂഢാലോചനകൾ നടക്കുന്നുണ്ട്. പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങിയവർ അങ്ങനെ ചെയ്യുന്നു. തൽഫലമായി എത്ര നീതിമാന്മാർ ക്രൂശിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് ചിന്തിച്ചു നോക്കുക. നാം പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കേണ്ടവരാണ്. യൂദാ വഞ്ചകനാകും എന്നറിഞ്ഞുകൊണ്ട് തന്നെ (മുന്നറിവ്) കർത്താവ് 12 പേരിൽ ഒരുവനായി തിരഞ്ഞെടുത്തു. കർത്താവ് മുമ്പുകൂട്ടി തന്നെ ശിഷ്യന്മാരോട് പറഞ്ഞു: 'നിങ്ങളിൽ 12 പേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാച് ആകുന്നു. ഇത് അവൻ ശീമോൻ ഇസ്കര്യോത്താവിന്റെ മകനായ യൂദായെക്കുറിച്ച് പറഞ്ഞു. ഇവൻ പന്തിരുവരിൽ ഒരുത്തൻ എങ്കിലും അവനെ കാണിച്ചു കൊടുക്കാനുള്ളവൻ ആയിരുന്നു' (യോഹന്നാൻ 6:70,71). ക്രിസ്തുവിന്റെ

അപ്പൊസ്തലൻ പിശാച് ആയി അധഃപതിക്കുന്നു. ഇതിന്റെ ആവർത്തനം ഇന്നും സംഭവിക്കുന്നില്ലേ...?

'പിശാചിന് ഇടം കൊടുക്കരുത്' എന്ന് എഫെസ്യർ 4: 27 ലും 'സാത്താൻ നമ്മെ തോൽപ്പിക്കരുത് അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ' എന്ന് 2 കൊരിന്ത്യർ 2: 11 ലും 'പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും' എന്ന് യാക്കോബ് 4:7 ലും നാം വായിക്കുന്നു. പിശാചിന്റെ തന്ത്രങ്ങളെ നാം അറിയണം, അവനോട് എതിർത്തുനിൽക്കണം, പിശാചിന് ഇടം കൊടുക്കരുത്. ഇത് നാം ദൈവകൃപ പ്രാപിച്ച് കർത്താവിനോട് ചേർന്നുനിന്ന് ചെയ്യേണ്ട കാര്യമാണ്. പിശാചിനു നാം ഇടം കൊടുക്കാതെ നമ്മിൽ ഇടം ഉണ്ടാവുകയില്ല. യൂദാ ഇടം കൊടുത്തു, അത് അവന്റെ നാശകാരണമായി. നാമോരോരുത്തരും ജാഗ്രത ഉള്ളവർ ആയിരിക്കണം.

പിശാചിന് ഇടം ലഭിച്ചാൽ അവൻ ആത്മീയ കണ്ണുകളെ കുരുടാക്കും. 'ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോകത്തിന്റെ ദൈവം, അവിശ്വാസികളുടെ മനസ്സ് കുരുടാക്കി '(2 കൊരിന്ത്യർ 4 : 4). ഇത് വലിയ ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തുവിന്റെ അപ്പൊസ്തലനായി തെരഞ്ഞെടുക്കപ്പെട്ടവനായ യൂദായുടെ ഹൃദയക്കണ്ണുകളെ പിശാച് കുരുടാക്കി. ക്രിസ്തുവിനെ ശരിക്കും മനസ്സിലാക്കുവാൻ അവനു കഴിഞ്ഞില്ല. കർത്താവിന്റെ വാക്കുകളെ ഗ്രഹിപ്പാൻ അവന് കഴിഞ്ഞില്ല. പിതാവ് തന്റെ കൃപയാൽ വെളിപ്പാട് നൽകുന്നവർക്കാണ് ക്രിസ്തുവിനെ അറിഞ്ഞ് അവനിലുള്ള വിശ്വാസത്തിലുറയ്ക്കുവാൻ കഴിയുന്നത്. കർത്താവ് പറഞ്ഞു: 'എങ്കിലും വിശ്വസിക്കാത്തവർ നിങ്ങൾ ഇടയിൽ ഉണ്ട്. വിശ്വസിക്കാത്തവർ ഇന്നവരെന്നും, തന്നെ കാണിച്ചു കൊടുക്കുന്നവൻ ഇന്നവൻ എന്നും യേശു ആദ്യം മുതൽ അറിഞ്ഞിരുന്നു' (യോഹന്നാൻ 6:64). ഇതാണ് കർത്താവിന്റെ മുന്നറിവ്.

ഹൃദയം പിശാചിന് അടിയറ വെച്ചിട്ട് ശരീരം കൊണ്ട് കർത്താവിനെ അനുഗമിക്കുവാൻ നോക്കുന്നവർക്ക് കർത്താവിന്റെ ശിഷ്യൻ ആകുവാൻ എങ്ങനെ കഴിയും? എത്ര അഭിനയിച്ചാലും അന്ത്യത്തിൽ തനിനിറം വെളിവാകും. യൂദായ്ക്ക് സംഭ

ഹൃദയം പിശാചിന് അടിയറ വെച്ചിട്ട് ശരീരം കൊണ്ട് കർത്താവിനെ അനുഗമിക്കുവാൻ നോക്കുന്നവർക്ക് കർത്താവിന്റെ ശിഷ്യൻ ആകുവാൻ എങ്ങനെ കഴിയും? എത്ര അഭിനയിച്ചാലും അന്ത്യത്തിൽ തനിനിറം വെളിവാകും

വിച്ചതുപോലെ ഹൃദയം കഠിനമാക്കിക്കൊണ്ടിരിക്കുന്ന, മാനസാന്തരപ്പെടുവാൻ കഴിയാത്ത അവസ്ഥ, അത്രത്തോളം ഹൃദയകാഠിന്യം സംഭവിക്കും. യൂദായോടുള്ള യേശുവിന്റെ സ്നേഹം കുറഞ്ഞതേയില്ല (യോഹന്നാൻ 13 :1). എല്ലാവരുടെയും കാൽ കഴുകുമ്പോൾ യൂദായുടെയും കാൽ കഴുകി, തുവർത്തി, ഒപ്പം ഇരുത്തി, പെസഹായുടെ അപ്പം മുറിച്ചുനൽകി. യൂദായോടുള്ള പെരുമാറ്റത്തിൽ ആരും യേശുവിൽ ഒരു വ്യത്യസ്തത കണ്ടില്ല. അതിനാൽ യൂദാ ഒരു വഞ്ചകൻ ആണെന്ന് ആർക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല. നമ്മുടെ കർത്താവ് എത്ര ശ്രേഷ്ഠനും മഹത്വമുള്ളവനും ആണ്. കർത്താവ് ആണ് നമ്മുടെ മാതൃക എന്നുള്ളത് നാം മറക്കാതിരിക്കുക.

പിശാചിന്റെ കയ്യിൽ കളിപ്പാവയായി മാറിയ യൂദാ തെറ്റായ ദൗത്യം ഏറ്റെടുത്തു. തേജസിന്റെ കർത്താവിനെ, യൂദായെ അന്ത്യം വരെ സ്നേഹിച്ച നാഥനെ, അവനൊരു ചുംബനം നൽകി കാണിച്ചുകൊടുത്തു. വഞ്ചനയുടെ ചുംബനം എന്റെ നാഥൻ തട്ടിക്കളഞ്ഞില്ല. അവൻ അത് സ്വീകരിച്ചുകൊണ്ട് ശാന്തമായി യൂദായോട് ചോദിച്ചു: മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചുകൊടുക്കുന്നത്? (ലൂക്കോസ് 22:48). തന്റെ തന്ത്രം ഫലിച്ചു എന്നു യൂദാ അപ്പോൾ ചിന്തിച്ചു കാണും. കാരണം യേശുവിനെ, അവിടുത്തെ സ്നേഹത്തെ അറിയുവാൻ കഴിയാതെവണ്ണം അവൻ ആത്മീയ കുരുടനായി മാറി. എന്നാൽ പിന്നീട് അവന്റെ വഞ്ചന അവനെ കുത്തി നോവിച്ചു. അവന്റെ സമാധാനം കെട്ടുപോയി, അവൻ നിരാശയിൽ മുങ്ങിത്താണു, ആത്മഹത്യയിൽ അവസാനിച്ചു. തെറ്റായ ദൗത്യത്തിന്റെ പരിണതഫലം •

ഭർത്താവിനെപ്പോലെ യഹോവ യിസ്രായേൽ മക്കളുടെ കൂടെ നടന്നിട്ടും യിസ്രായേല്യർ അവളുടെ ഭർത്താവായ യഹോവയെ വഞ്ചിച്ചു. അതൊരു ഭാര്യഭർത്തൃബന്ധം പോലെയായിരുന്നതു കൊണ്ടാണ് യിസ്രായേൽ യഹോവയെ വിട്ട് ബാലിന്റെയും അശേരയുടെയും പിന്നാലെ പോയപ്പോൾ അവരുടെ വിഗ്രഹാരാധനയെ ദൈവം പരസംഗം എന്നു വിളിക്കുന്നത് .

യിസ്രായേൽഗൃഹവും ദൈവവും തമ്മിലുള്ള ഉടമ്പടി ഒരു വിവാഹ ഉടമ്പടിപോലെയായിരുന്നെങ്കിലും യിസ്രായേൽഗൃഹം ഉടമ്പടി തെറ്റിക്കുമ്പോൾ അവരെ മടക്കിക്കൊണ്ടു വരാനും ബന്ധം പുനസ്ഥാപിക്കാനും പ്രാപ്തിയുള്ള ഒരു മധ്യസ്ഥൻ അവർക്ക് പലപ്പോഴും ഇല്ലായിരുന്നു. മോശെ 'പർവതത്തിൽ കണ്ട മാതൃക' ജനങ്ങൾക്കു പറഞ്ഞുകൊടുത്തു (എബ്രായർ 8:5). എന്നാൽ അത് 'സ്വർഗീയ' (heavenly - original) ത്തിന്റെ ഒരു 'മാതൃക' (നിഴൽ -Shadow) മാത്രമായിരുന്നു. ജനങ്ങൾ നിയമം തെറ്റിച്ചപ്പോൾ അവരെ ഉടമ്പടിക്കു പുറത്താക്കാതിരിക്കേണ്ടതിനു മോശെ ചിലപ്പോഴൊക്കെ യിസ്രായേൽ ജനങ്ങൾക്കും ദൈവത്തിനും മധ്യത്തിൽ ഇടിവിൽ നിന്ന് യഹോവയുടെ കോപത്തിൽ നിന്ന് അവരെ വീണ്ടെടുത്തിരുന്നെങ്കിലും ഉടമ്പടിയുടെ സ്നേഹബന്ധത്തിലേക്കു-ഭർത്താവിനോടുള്ള വിശ്വസ്തതയിലേക്ക് അവരെ മടക്കിക്കൊണ്ടുവരുന്നതിനു മോശെയ്ക്കു കഴിഞ്ഞില്ല.

ഉടമ്പടിയുടെ നിയമം തെറ്റിക്കുമ്പോൾ യിസ്രായേൽജനം ഉടമ്പടിക്കു പുറത്തായിപ്പോകാതിരിക്കാൻ പുരോഹിതന്മാർ അവർക്കുവേണ്ടി യാഗം കഴിച്ചിരുന്നു. ഇവിടെ ഒരു കാര്യം നാം ഓർക്കണം. ന്യായപ്രമാണത്തിന്റെ നല്ലൊരു ഭാഗവും ഉടമ്പടിയോടനുബന്ധിച്ചുള്ള നിയമങ്ങളല്ല; പ്രത്യുത, ഉടമ്പടിബന്ധത്തിന്റെ പുറമെയുള്ള മുദ്രയോ അടയാളങ്ങളോ അതല്ലെങ്കിൽ ഉടമ്പടി നിയമങ്ങൾ തെറ്റിച്ചാൽ ഉടമ്പടിബന്ധം നഷ്ടപ്പെടാതിരിക്കാനുള്ള പരിഹാരനിയമങ്ങളാണ്. പരിച്ഛേദന ഉടമ്പടിയുടെ ചിഹ്നമാണ് (റോമർ4:11). യാഗങ്ങൾ ഉടമ്പടിയുടെ ചിഹ്നമായതുകൊണ്ടാണ് പൗലൊസ് പരിച്ഛേദനക്കാരെ എപ്പോഴും എതിർത്തത്. കാരണം, വിശ്വാസി വീണ്ടും പരിച്ഛേദനയേറ്റാൽ അയാൾ വീണ്ടും പഴയ ഉടമ്പടിയിലേക്കു മടങ്ങിപ്പോവുകയാണ്.

യാഗങ്ങളുടെ കാര്യവും അങ്ങനെതന്നെ. പഴയ ഉടമ്പടിയുടെ ആളുകൾക്ക് അതിലെ നിയമങ്ങൾ തെറ്റിക്കുമ്പോൾ മടങ്ങിവരാനുള്ള പരിഹാരക്രിയകളായിരുന്നു യാഗങ്ങൾ. നാം മോശൈക ഉടമ്പടിയുടെ കീഴിലല്ല. അതിനാൽ യാഗങ്ങൾ കൊണ്ടു നമുക്കു പ്രയോജനവുമില്ല. യാഗം ആവശ്യവുമില്ല. എന്നാൽ നമുക്കൊരു മധ്യസ്ഥനുണ്ട്(എബ്രായർ 8:6). 'ന്യായപ്രമാണം ബലഹീന മനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു, ന്യായപ്രമാണത്തിനു പിമ്പുള്ള ആണയുടെ വചനമോ, എന്നേക്കും തികഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു' (എബ്രായർ 7:28). പുതിയ ഉടമ്പടിയിൽ നമ്മുടെ മഹാപുരോഹിതനായ യേശു ഓരോ ദിവസവും യാഗം കഴിക്കുകയല്ല. പ്രത്യുത, 'താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്യാൻ സദാജീവിക്കുന്നു...' (എബ്രായർ 7:25). മോശൈകന്യായപ്രമാണത്തിൽ പുരോഹിതൻ എന്റെ ബലഹീനതയ്ക്ക് 'പരിഹാരക്രിയ' നടത്തിയതേയുള്ളൂ. എന്നാൽ പുതിയ ഉടമ്പടിയിൽ എന്റെ മഹാപുരോഹിതനായ യേശു എപ്പോഴും എന്നെ ദൈവബന്ധത്തിൽ നിലനിർത്തുന്ന മധ്യസ്ഥനാണ് (എബ്രായർ 9:15).

പുതിയ ഉടമ്പടിയിൽ പ്രവേശിച്ചവർ ഇനി മോശൈക ന്യായപ്രമാണത്തിനു കീഴിലല്ല (റോമർ 7:4). അതിനർഥം വിശ്വാസികൾക്ക് ഇനി ഒരു നിയമവും ഇല്ല എന്നാണോ? ഒരിക്കലുമല്ല... 'ഉടമ്പടി'യും 'നിയമ'വും കൂട്ടിക്കുഴയ്ക്കുന്നതുകൊണ്ടാണ് പലപ്പോഴും നമുക്ക് ചിന്താക്കുഴപ്പമുണ്ടാകുന്നത്. ഉടമ്പടി നിയമമല്ല, ബന്ധമാണ്- സ്നേഹബന്ധം. എന്നാൽ, ഉടമ്പടിയിൽ നിയമമുണ്ട്! സ്നേഹബന്ധത്തിലും നിയമമുണ്ട്- അത് എഴുതിവെച്ചാലും ഇല്ലെങ്കിലും! ബന്ധം കുറയുമ്പോഴാണ് അത് കല്ലിലോ കടലാസിലോ എഴുതിവെയ്ക്കേണ്ടിവരുന്നത്. ബന്ധമുണ്ടെങ്കിൽ കടലാസിലുണ്ടെങ്കിലും ഇല്ലെങ്കിലും നാം നിയമം അനുസരിക്കും.

യേശുവിലൂടെ നാം ദൈവത്തോട് ഒരു പുതിയ ഉടമ്പടി ബന്ധത്തിലേക്കു പ്രവേശിച്ചിരിക്കുന്നു (മത്തായി 26:28). ബന്ധം പഴയതുതന്നെ. പഴയതിലും പുതിയതിലും നാമും ദൈവവുമാ

യിട്ടാണ് ബന്ധം! എന്നാൽ ഉടമ്പടി പുതിയത്. ഈ ഉടമ്പടിയിലും നിയമങ്ങളുണ്ട്. 'ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിലെഴുതും... ദൈവം നിയമം വേണ്ടെന്നുവെച്ചില്ല... പകരം അതു കല്ലിൽ നിന്നു മാറ്റി ഹൃദയങ്ങളിലേക്ക് എഴുതി!' (എബ്രായർ 8:10).

പുതിയ ഉടമ്പടി ആവശ്യമായി വന്നത് നിയമത്തിന്റെ പ്രശ്നംകൊണ്ടല്ല, ബന്ധത്തിന്റെ പ്രശ്നംകൊണ്ടാണ്. അതിനാൽ ദൈവം പുതിയ ഉടമ്പടിയിൽ ബന്ധത്തിന് പുതിയൊരു മാനം നൽകുന്നു. 'ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും' (എബ്രായർ 8:10). അങ്ങുദൂരെ സ്വർഗത്തിലിരുന്ന് അവിടുന്നു കല്പന നൽകുക മാത്രമല്ല, നിയമത്തെ ഹൃദയത്തിലെഴുതി സ്നേഹത്തിൽ നാമത് അനുസരിക്കേണ്ടതിനു കൃപ നൽകി, ദൈവം നമ്മോടുകൂടെ നടക്കുന്നു... ബന്ധത്തിനു യാതൊരു ഉടവും തട്ടാതെ എന്നെ അനുസരണത്തിൽ തികഞ്ഞവനാക്കേണ്ടതിന് യേശുകർത്താവ് മധ്യസ്ഥനായി എപ്പോഴും പക്ഷവാദം ചെയ്യുന്നു... •

ക്രിസ്തുവിൽ നാം ആരെന്നറിയുക...

ജീവിതത്തിൽ നമ്മെ തളർത്തുന്ന പല സമ്മർദ്ദങ്ങൾക്കും പിന്നിൽ ഒരു പ്രധാന കാരണം നാം യഥാർത്ഥത്തിൽ ആരാണെന്ന് തിരിച്ചറിയാതെ പോകുന്നതാണ്. സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് വ്യക്തമായ ബോധ്യമില്ലാത്ത ഒരാൾക്ക് ചുറ്റുമുള്ളവരുടെ അഭിപ്രായങ്ങൾക്കും മറ്റുള്ളവരുടെ പ്രതീക്ഷകൾക്കും എളുപ്പത്തിൽ വഴങ്ങേണ്ടിവരും. ചിലപ്പോൾ മറ്റുള്ളവരുടെ അംഗീകാരം നേടാനുള്ള ആഗ്രഹം നമ്മെ യഥാർത്ഥ ലക്ഷ്യത്തിൽനിന്നുതന്നെ അകറ്റിക്കളയും. അങ്ങനെ നാം ആരാണെന്ന് തിരിച്ചറിയുന്നതിനുപകരം മറ്റുള്ളവർ നാം എങ്ങനെയായിരിക്കണമെന്ന് ആഗ്രഹിക്കുന്നുവോ, അതിനു വഴങ്ങി അങ്ങനെയാകാൻ ശ്രമിച്ചുകൊണ്ടിരിക്കും.

നമ്മുടെ സംസ്കാരത്തിന് അതിന്റെ അളവുകോലുകൾക്കനുസരിച്ച് നമ്മെ രൂപപ്പെടുത്താൻ ശക്തിയുണ്ട്. എന്തു നേടണം, എങ്ങനെ ജീവിക്കണം, ആരെപ്പോലെ ആകണം എന്നിങ്ങനെ പല കാര്യങ്ങളിലും സമൂഹം ചില മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. അതനുസരിച്ചുയരാൻ കഴിയാതെ വരുമ്പോൾ അപകർഷതാബോധവും നിരാശയും പലരേയും കീഴടക്കിയേക്കാം. എല്ലാവരുടെയും പ്രതീക്ഷകൾ നിറവേറ്റുക എന്നതല്ല ജീവിതത്തിന്റെ ലക്ഷ്യം. ലോകത്തിന്റെ വിലയിരുത്തലുകളിൽ നമ്മുടെ മൂല്യം കണ്ടെത്താൻ ശ്രമിക്കുന്നതിനു പകരം, ദൈവത്തിലുള്ള നമ്മുടെ വ്യക്തിത്വം കണ്ടെത്തുകയാണ് വേണ്ടത്. ദൈവം നമ്മെ നിരുപാധികം സ്നേഹിക്കുന്നുവെന്നും നാം തന്റെ മക്കളാണെന്നും ഉള്ള സത്യം ഹൃദയത്തിൽ ആഴത്തിൽ വേരൂന്നുമ്പോൾ, മറ്റുള്ളവരുടെ അംഗീകാരത്തിനുവേണ്ടി ജീവിക്കേണ്ടിവരുന്ന അവസ്ഥയിൽനിന്ന് നമുക്ക് മോചനം ലഭിക്കുന്നു. ആളുകൾ നമ്മെ പ്രശംസിച്ചാലും വിമർശിച്ചാലും നമ്മുടെ മൂല്യം മാറുന്നില്ല. സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനം മാറുന്നില്ല. ഈ ഉറപ്പാണ് സമ്മർദ്ദങ്ങളുടെ നടുവിൽ മനസ്സിന് സ്ഥിരതയും ജീവിതത്തിന് ദിശാബോധവും നൽകുന്നത്.

യേശുക്രിസ്തുവിന്റെ ജീവിതം ഈ സത്യത്തിന്റെ ഉജ്ജ്വലമായ മാതൃകയാണ്. താൻ ആരാണെന്നും എന്തിനാണ് ഈ ലോകത്തിലേക്ക് വന്നതെന്നും യേശുവിന് വ്യക്തമായ ബോധ്യമുണ്ടായിരുന്നു. തന്റെ വ്യക്തിത്വം മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് നിർവ്വചിക്കാൻ യേശു ഒരിക്കലും അനുവദിച്ചില്ല. തിരുവെഴുത്തുകളിൽ തന്റെ വ്യക്തിത്വവും ദൗത്യവും വെളിപ്പെടുത്തുന്ന നിരവധി പ്രസ്താവനകൾ യേശു നടത്തിയിട്ടുണ്ട്. എതിർപ്പുകളും തെറ്റിദ്ധാരണകളും നേരിടേണ്ടിവന്നപ്പോഴും തന്റെ ദൗത്യത്തിൽനിന്ന് വ്യതിചലിക്കാതെ മുന്നോട്ടുപോകാൻ യേശുവിനെ സഹായിച്ചത് താൻ ആരാണെന്നുള്ള വ്യക്തമായ തിരിച്ചറിവായിരുന്നു. നമ്മുടെ ജീവിതത്തിലും ഈ ബോധ്യം അനിവാര്യമാണ്. മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു പറയുന്നു എന്നതിനെക്കാൾ, ദൈവത്തിന്റെ ദൃഷ്ടിയിൽ നമുക്ക് എന്തു സ്ഥാനമുണ്ട് എന്നതിനാണ് പ്രാധാന്യം നൽകേണ്ടത്. •

വയോജന ക്ഷേമത്തിന്...

വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവർക്ക് സുരക്ഷിതവും അന്തസ്സുറ്റതുമായ ജീവിതം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളം പുതിയ ക്ഷേമനടപടികൾക്ക് തുടക്കമിടുന്നു. ഇന്ത്യയിൽ വയോജനങ്ങളുടെ എണ്ണം കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ നാലിലൊന്ന് മുതിർന്ന പൗരന്മാരായിരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ, വാർദ്ധക്യത്തെ കേവലം ആശ്രിതാവസ്ഥയായി കാണുന്ന പരമ്പരാഗത സമീപനത്തിൽനിന്ന് മാറി, വയോജനങ്ങളുടെ അവകാശങ്ങൾക്കും സ്വയംപര്യാപ്തതയ്ക്കും സാമൂഹിക പങ്കാളിത്തത്തിനും പ്രാധാന്യം നൽകുന്ന നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കുന്നത്.

വയോജന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സാമൂഹികനീതി വകുപ്പിൽനിന്ന് വേർതിരിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് സീനിയർ സിറ്റിസൺസ് എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കാൻ സർക്കാർ ഉത്തരവിറക്കി. വയോജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും കൂടുതൽ ശ്രദ്ധയോടെയും വേഗത്തിലും പരിഗണിക്കുന്നതിനും ക്ഷേമപദ്ധതികളുടെ ഏകോപനം മെച്ചപ്പെടുത്തുന്നതിനും ഈ നടപടി സഹായകമാകണം. വയോജനങ്ങളുടെ അവകാശസംരക്ഷണത്തിനും ക്ഷേമത്തിനുമായി പ്രത്യേക കമ്മീഷൻ രൂപീകരിച്ച സംസ്ഥാനമെന്ന നേട്ടവും കേരളം സ്വന്തമാക്കി. വയോജനങ്ങളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനൊപ്പം അവരുടെ അനുഭവസമ്പത്തും കഴിവുകളും സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുകയെന്നതും കമ്മീഷന്റെ ലക്ഷ്യങ്ങളാണ്. വയോജനങ്ങൾ നേരിടുന്ന അവഗണന, ചൂഷണം, അനാഥത്വം, പരിചരണക്കുറവ്, സാമ്പത്തിക പ്രശ്നങ്ങൾ, സ്വത്തുതർക്കങ്ങൾ തുടങ്ങിയവയിൽ ഇടപെടുകയും ആവശ്യമായ നിയമസഹായവും പുനരധിവാസവും ലഭ്യമാക്കുകയും ചെയ്യുന്നത് കമ്മീഷന്റെ പ്രധാന ഉത്തരവാദിത്തങ്ങളാണ്.

'കേരള സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിമെൻഷ്യ'യുടെ റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്ത് 65 വയസ്സിനു മുകളിലുള്ളവരിൽ ഏകദേശം 4.86 ശതമാനം പേർക്ക് ഡിമെൻഷ്യ ബാധിക്കുന്നുണ്ട്. രോഗം നേരത്തേ തിരിച്ചറിയുന്നതിനും ആവശ്യമായ ചികിത്സയും തുടർപരിചരണവും ഉറപ്പാക്കുന്നതിനുമായി 'ഡിമെൻഷ്യ സൗഹൃദ കേരളം' പദ്ധതി നടപ്പാക്കും എന്നും സർക്കാർ പറയുന്നു. ഇതിനുപുറമേ, സാമൂഹികനീതി വകുപ്പ് മുഖേന നടപ്പാക്കിവരുന്ന മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ വൈദ്യസഹായം നൽകുന്ന വയോമിത്രം, സുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്ന വയോരക്ഷ, ആയുർവേദ വിധിപ്രകാരം നൽകുന്ന വയോഅമൃതം, പ്രമേഹരോഗികൾക്കു സൗജന്യ ഗ്ലൂക്കോമീറ്റർ നൽകുന്ന വയോമധുരം, അൽഷിമേഴ്സ്, ഡിമെൻഷ്യ ബാധിതരുടെ സംരക്ഷണത്തിനുള്ള ഓർമ്മത്തോണി തുടങ്ങിയ പദ്ധതികളും വയോജന ക്ഷേമത്തിൽ പ്രധാന പങ്കു വഹിക്കാനായേക്കും. വാർധക്യം ജീവിതത്തിന്റെ സ്വാഭാവിക ഘട്ടമാണ്. അതിനെ അവഗണനയുടെയോ ഒറ്റപ്പെടലിന്റെയോ കാലമായി കാണാതെ, അനുഭവസമ്പത്തും ആത്മാഭിമാനവും സാമൂഹികപങ്കാളിത്തവും നിലനിൽക്കുന്ന ജീവിതഘട്ടമാക്കി മാറ്റേണ്ടതുണ്ട്. അതിന് ആവശ്യമായ ആരോഗ്യപരിചരണം, സാമ്പത്തിക സുരക്ഷ, നിയമസംരക്ഷണം, സൗഹൃദപരമായ പൊതുസംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വയോജനങ്ങളുടെ ക്ഷേമം ഔദാര്യത്തിന്റെ വിഷയമല്ല, അവകാശത്തിന്റെ വിഷയമാണെന്ന തിരിച്ചറിവോടെ കേരളം മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾക്ക് ഫലപ്രദമായ നിർവ്വഹണവും തുടർച്ചയായ വിലയിരുത്തലും ഉറപ്പാക്കാനായാൽ, സുരക്ഷിതവും ആരോഗ്യകരവും സന്തോഷകരവുമായ വാർധക്യജീവിതം സാധ്യമാക്കുന്നതിനുള്ള മാതൃക സൃഷ്ടിക്കാൻ സംസ്ഥാനത്തിന് കഴിയും.

തേജസ്സോടെ നിൽക്കേണ്ട സഭ

ഏകശരീരമായി വിളിക്കപ്പെട്ട ക്രിസ്തുവിന്റെ സഭ, ഇന്ന് സഭയുടെ ഉദ്ദേശ്യത്തിൽ നിന്ന് ബഹുദൂരം അകലത്തിലാണ് സഞ്ചരിക്കുന്നത്. കറ, ചുളുക്കം മുതലായ ന്യൂനതകൾ ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തേജസ്സോടെ തനിക്കുതന്നെ സമർപ്പിക്കേണ്ടതിനാണ് ക്രിസ്തു സ്വയം സമർപ്പിച്ചതെന്ന സത്യം (എഫെസ്യർ 5:26,27) മനസ്സിലാക്കുമ്പോഴാണ് സഭയുടെ ഉദ്ദേശ്യത്തിന്റെയും ദൗത്യബോധത്തിന്റെയും മഹിമ വർദ്ധിക്കുന്നത്. പാപരഹിതവും ശുദ്ധയും ആത്മാവിന്റെ ഐക്യതയും ഉള്ള കുറ്റമറ്റ സഭ രൂപപ്പെടാത്തതാണ് എക്കാലത്തും സഭ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി.

ആരോഗ്യവും സന്തുലിതവും ദൗത്യസമ്പുഷ്ടവുമായ സഭയെന്നതാകണം യഥാർത്ഥ സഭാദർശനം! സന്തുലിതമായ (balanced) സഭയാണ് ആരോഗ്യമുള്ള സഭയായി മാറുന്നത്. അപ്രകാരമുള്ള Purpose-Driven Church (ഉദ്ദേശ്യപൂർണ്ണമായ സഭ) എന്ന നിലയിൽ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു. ആരാധന, കൂട്ടായ്മ, ശിഷ്യത്വം, സുവിശേഷീകരണം, വിശുദ്ധന്മാരുടെ യഥാസ്ഥാപനം തുടങ്ങിയവയൊക്കെ സഭാതലങ്ങളിൽ അനസ്യൂതം നടക്കേണ്ടതുണ്ട്. അതോടൊപ്പം, ശാരീരിക, മാനസിക മുറിവുകൾക്ക് പരിഹാരമാകേണ്ട സൗഖ്യദായക ശുശ്രൂഷകളും.

അസ്വസ്ഥതയുള്ള യുവതലമുറയെയും ഏകാന്തതയും അവഗണനയും അനുഭവിക്കുന്ന മുതിർന്ന മാതാപിതാക്കളെയും എല്ലാം ഒരുപോലെ ചേർത്തു നിർത്തുമ്പോഴാണ് സഭ ആരോഗ്യമുള്ള സഭയായി സമൂഹത്തിൽ ശ്രദ്ധേയമാകുക! ദരിദ്രരെ ഓർക്കുന്നതും ബലഹീനരെ താങ്ങുന്നതും അവർക്കായി കൂട്ടായ്മയുടെ വലങ്കരം നീട്ടുന്നതും എല്ലാം തേജസ്സേറിയ സഭയുടെ ദൗത്യമാണ്. മറിച്ചുള്ളതെല്ലാം ഭൗതികതയുടെയും സംഘടനാപ്രമാണിത്വത്തിന്റെയും സെൽഫ് പ്രൊജക്ഷന്റെയും ഒക്കെ ചീർക്കലുകൾ മാത്രമല്ലേ?

-എംസി



Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 350 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

NERVEEDHI OCTOBER 2026
RNI No. KERMAL/2012/46138 . Date of Publishing 10.11.2026 . Annual Subscription Rs.350/-

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




പാതയ്ക്കു പ്രകാശം

വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ,"മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചു കൊണ്ടിരിക്കുന്നു" (എബ്രായർ11:4).
അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.....
(Late) കെ.വി. രാജു, നേർവീഥി മുൻ എഡിറ്റർ



ഇപ്പോൾ ലഭ്യമാണ്



ഇപ്പോൾ ലഭ്യമാണ്



Address for Communication :
NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Ph: 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.